


# ടൈംസ് ഓഫ് അമേരിക്ക
# TIMES of AMERICA

2026 മെയ് 15 – 30

Volume XX Issue 10

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

**TIMES OF AMERICA.ORG ONLINE BI- WEEKLY**
www: **timesofamerica.org**
**News Cordination: Joychan Puthukulam**

Managing Editor: **Mathew George**
Tel: 267-991-2111



- Air Tickets
- Vacation & Cruise Booking
- Group Tour Packages
- Passport, Visa & OCI Services
- Passport Photos

FOR ALL YOUR TRAVEL NEEDS PLEASE CONTACT US
(833) 8 GLOBAL | (215) 464-8253

GLOBAL TRAVEL EXPERTS

Main Office : 9823 Bustleton Ave., Philadelphia, PA 19115 | New York (516) 321-4200 | New Jersey (732) 853-8900 | Philadelphia (215) 464-8253


# അമേരിക്കയുടെ പ്രധാന ലക്ഷ്യം ഇറാൻ ആണവായുധം നേടുന്നത് തടയുക: ട്രംപ്

– പ്രസാദ് തീയാടിക്കൽ



വാഷിങ്ടൺ: ഇറാൻ ആണവായുധം സ്വന്തമാക്കുന്നത് തടയുന്നതാണ് അമേരിക്കൻ ഭരണകൂടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപ് വ്യക്തമാക്കി. മിഡിൽ ഈസ്റ്റിലെ വർധിച്ചുവരുന്ന സംഘർഷാവസ്ഥ അമേരിക്കൻ രാഷ്ട്രീയത്തെയും ഇന്ധനവിലയെയും പണപ്പെരുപ്പത്തെയും ബാധിക്കുന്ന സാഹചര്യത്തിലാണ് ട്രംപിന്റെ പ്രതികരണം.

ഇറാനെ ആണവായുധം നേടാൻ അനുവദിക്കില്ല. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം, എന്നാണ് ട്രംപ് മാധ്യമപ്രവർത്തകരോട് പറഞ്ഞത്. അമേരിക്കൻ ജനങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനിടെയായിരുന്നു അദ്ദേഹത്തിന്റെ പരാമർശം.

ഇതിനിടെ, മിഡിൽ ഈസ്റ്റിലെ സംഘർഷം മൂലം അന്താരാഷ്ട്ര എണ്ണവില ഉയർന്നതോടെ അമേരിക്കയിൽ പെട്രോൾ വിലയും പണപ്പെരുപ്പവും വർധിച്ചിരിക്കുകയാണ്. അമേരിക്കൻ സമ്പദ്വ്യവസ്ഥയിലും രാഷ്ട്രീയരംഗത്തും ഇതിന്റെ പ്രതിഫലനം ശക്തമാകുന്നുവെന്നാണ് റിപ്പോർട്ടുകൾ.

അമേരിക്കയും ഇറാനും തമ്മിലുള്ള നയതന്ത്ര ചർച്ചകൾ തുടരുകയാണെങ്കിലും, ഇറാന്റെ ആണവ പദ്ധതിയെക്കുറിച്ചുള്ള ആശങ്കകൾ ഇപ്പോഴും നിലനിൽക്കുന്നു.

# അഭയാർത്ഥികളെ നാടുകടത്താൻ പുതിയ തലവനെ നിയമിച്ച് ട്രംപ് ഭരണകൂടം

– പി പി ചെറിയാൻ



വാഷിംഗ്ടൺ ഡി സി: അമേരിക്കയിൽ അനധികൃത കുടിയേറ്റക്കാരെ കൂട്ടത്തോടെ നാടുകടത്താനുള്ള പദ്ധതികൾക്ക് നേതൃത്വം നൽകാൻ ഡേവിഡ് വെഞ്ചുറെല്ലയെ ഐ.സി.ഇ ആക്ടിംഗ് ഡയറക്ടറായി നിയമിച്ചു. വിരമിക്കുന്ന ടോഡ് ലിയോൺസിന് പകരക്കാരനായാണ് വെഞ്ചുറെല്ല ചുമതലയേൽക്കുന്നത്.


ഹോംലാൻഡ് സെക്യൂരിറ്റി സെക്രട്ടറി മർകെയ്ൻ മള്ളിൻ ആണ് വെഞ്ചുറെല്ലയെ തിരഞ്ഞെടുത്തത്. കുടിയേറ്റക്കാരെ തടവിലാക്കുന്നതിലൂടെ ലാഭം കൊയ്യുന്ന കോർപ്പറേറ്റുകളെ സഹായിക്കാനാണ് ഈ നിയമനമെന്ന് ഡെമോക്രാറ്റിക് പ്രതിനിധി ഡെലിയ റാമിറസ് ആരോപിച്ചു.

മുൻഗാമിയായ ടോഡ് ലിയോൺസിന്റെ കീഴിൽ ഐ.സി.ഇ വൻതോതിലുള്ള റെയ്ഡുകളും നാടുകടത്തലും നടത്തിയിരുന്നു. മിനിയാപൊളിസിൽ പ്രതിഷേധക്കാർക്ക് നേരെ വെടിയുതിർത്ത സംഭവമടക്കം ഏജൻസിയെ വിവാദത്തിലാക്കിയിരുന്നു.

വരാനിരിക്കുന്ന ഫിഫ വേൾഡ് കപ്പ് വേദികളിലും മിഡ്ടേം തിരഞ്ഞെടുപ്പ് സമയത്ത് പോളിംഗ് സ്റ്റേഷനുകളിലും ഐ.സി.ഇ സാന്നിധ്യമുണ്ടാകാൻസാധ്യതയുണ്ടെന്ന റിപ്പോർട്ടുകൾ പൊതുജനമധ്യത്തിൽ ആശങ്കയുണ്ടാക്കുന്നുണ്ട്.

അനധികൃത കുടിയേറ്റം തടയുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത നടപടികളുമായി മുന്നോട്ട് പോകാനാണ് ട്രംപ് സർക്കാരിന്റെ തീരുമാനം.

# ചാരപ്രവർത്തനം അർക്കാഡിയ മേയർ ഐലീൻ വാങ് സ്ഥാനം ഒഴിഞ്ഞു



ലോസ് ആഞ്ചലസ്: വിദേശ രാജ്യത്തിന്റെ നിയമവിരുദ്ധ ഏജന്റായി പ്രവർത്തിച്ചുവെന്ന ഗുരുതരമായ വെളിപ്പെടുത്തലിന് പിന്നാലെ സതേൺ കാലിഫോർണിയയിലെ അർക്കാഡിയ നഗര മേയർ ഐലീൻ വാങ് (58) സ്ഥാനം ഒഴിഞ്ഞു. ചൈനീസ് ഭരണകൂടത്തിന് വേണ്ടി യു.എസിൽ രഹസ്യമായി പ്രവർത്തിച്ചുവെന്ന കുറ്റം ഇവർ സമ്മതിച്ചു. കുറ്റം തെളിയിക്കപ്പെട്ടാൽ പത്ത് വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന വകുപ്പുകളാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നത്.

പ്രാദേശിക ചൈനീസ് അമേരിക്കൻ കമ്മ്യൂണിറ്റിയെ ലക്ഷ്യമിട്ട് ഐലീൻ വാങ്ങും പങ്കാളി യാവോണിങ് മൈക്ക് സണ്ണും ചേർന്ന് നടത്തിയിരുന്ന യു.എസ് ന്യൂസ് സെന്റർ എന്ന വെബ്സൈറ്റിലൂടെ ചൈനീസ് താല്പര്യങ്ങൾ സംരക്ഷിക്കുന്ന വാർത്തകൾ പ്രചരിപ്പിച്ചുവെന്നാണ് അന്വേഷണ സംഘം കണ്ടെത്തിയത്. ചൈനീസ് ഉദ്യോഗസ്ഥർ നൽകുന്ന വാർത്താ ലേഖനങ്ങൾ നിമിഷങ്ങൾക്കകം ഇവർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.


സാംസ്കാരികം

**അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക**

**ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം**

**പി. ഡി. എഫ് ഫയലിനോടൊപ്പം**

**പ്രതിമാസ സാംസ്കാരിക മാസിക**


സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

**www.timesofamericanmalayali.com**


**ഈ ലക്കത്തിൽ**

**ജ്ഞാനസൗരഭ്യം ചൊരിഞ്ഞ് ഗുരു മുനിനാരായണ പ്രസാദ്**

ജോർജ് തഴക്കര








**സ്വജീവിതത്തെ ധന്യമാക്കിയ സുകുമാർ അഴീക്കോട്**

– ബ്രഹ്മശ്രീ ഡോ.സച്ചിദാനന്ദസ്വാമി
ശിവഗിരിമഠം ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ്

## ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ 2026 ഓണാഘോഷങ്ങൾക്ക് സാംസ്കാരിക പാരമ്പര്യത്തിന്റെ സന്ദേശം പകർന്നുകൊണ്ട് ആവേശകരമായ തുടക്കം

**– സുമോദ് തോമസ് നെല്ലിക്കാല**

ഫിലാഡൽഫിയ: അമേരിക്കയിലെ പ്രവാസി മലയാളി സമൂഹത്തിന്റെ സജീവ സാംസ്കാരിക സംഘടനയായ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ 2026ലെ ഓണാഘോഷ പരിപാടികൾക്ക് ഔദ്യോഗികമായി കൊടിയേറി. വിപുലമായ പങ്കാളിത്തത്തോടെയും ആവേശകരമായ കലാസാംസ്കാരിക അന്തരീക്ഷത്തോടെയും നടന്ന ടിക്കറ്റ് കിക്ക്ഓഫ് ചടങ്ങ് സമൂഹ ഐക്യത്തിന്റെയും സാംസ്കാരിക പാരമ്പര്യത്തിന്റെയും സന്ദേശം വിളിച്ചോതുന്നതായി മാറി.

അമേരിക്കൻ ദേശീയഗാനവും ഇന്ത്യൻ ദേശീയഗാനവും ആലപിച്ചുകൊണ്ടാണ് ചടങ്ങുകൾക്ക് തുടക്കമായത്. തുടർന്ന് ട്രൈസ്റ്റേറ്റ് കേരള ഫോറം ചെയർമാൻ ലെനോ സ്കറിയ സ്വാഗതപ്രസംഗം നടത്തി. പ്രവാസി മലയാളി സമൂഹത്തെ ഒരുമിപ്പിക്കുന്ന വലിയ സാംസ്കാരിക വേദിയായാണ് ട്രൈസ്റ്റേറ്റ് ഓണാഘോഷങ്ങൾ മാറിയിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ജനറൽ സെക്രട്ടറി ജോബി ജോർജ് (എം സി) യോഗ നടപടികൾ നിയന്ത്രിച്ചു.

പെൻസിൽവാനിയ സ്റ്റേറ്റ് റെപ്രസെന്റേറ്റീവ് ഹോണറബിൾ ഷോൺ ഡൗഗർട്ടി ഭദ്ര ദീപം കൊളുത്തി പരിപാടികൾ ഔദ്യോഗികകമായി ഉദ്ഘാടനം ചെയ്തു. സമൂഹ ഐക്യവും സാംസ്കാരിക പൈതൃക സംരക്ഷണവും ഇത്തരം ആഘോഷങ്ങളുടെ മുഖ്യ ലക്ഷ്യമാണെന്ന് അദ്ദേഹം മുഖ്യപ്രഭാഷണത്തിൽ അഭിപ്രായപ്പെട്ടു. പരിപാടിയുടെ സ്പോൺസർ ആയിരുന്ന ഹോണസ്റ്റ് റിയൽ എസ്റ്റേറ്റിന്റെ ബോബി മാത്യു ആദ്യ ടിക്കറ്റ് ഏറ്റുവാങ്ങി.

ഓണാഘോഷ ചെയർമാൻ ബിനു മാത്യു, എക്സിക്യൂട്ടീവ് വൈസ് ചെയർമാൻമാരായ വിൻസെന്റ് ഇമ്മാനുവൽ, സുധ കർത്ത, കേരളാ ഡേ ചെയർമാൻ തോമസ് പോൾ എന്നിവർ ആശംസകൾ നേർന്നു. പ്രോഗ്രാം കോർഡിനേറ്റർ റോണി വർഗീസ് പരിപാടികളുടെ വിശദാംശങ്ങൾ അവതരിപ്പിച്ചു.

സാമൂഹികസാംസ്കാരിക സംഘടനകളുടെ പ്രതിനിധികളായ പമ്പ പ്രസിഡന്റ് അലക്സ് തോമസ്, കോട്ടയം അസോസിയേഷനെ പ്രതിനിധീകരിച്ച് ജീമോൻ ജോർജ്, ഫ്രണ്ട്സ് ഓഫ് തിരുവല്ലയുടെ പ്രതിനിധിയായി ഫിലിപ്പോസ് ചെറിയാൻ, സിമിയോയുടെ പ്രതിനിധിയായി അഭിലാഷ് ജോൺ എന്നിവർ ആശംസകൾ അർപ്പിച്ചു.

പരിപാടിയിൽ സുമോദ് ടി. നെല്ലിക്കാല, ജേസൺ വർഗീസ്, രാജു പി. ജോൺ എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു. ട്രഷറർ രാജൻ സാമുവൽ നന്ദി പറഞ്ഞു.

ഈ വർഷത്തെ ട്രൈസ്റ്റേറ്റ് ഓണ മഹോത്സവം ഓഗസ്റ്റ് 22ന് ക്യാൻസ്റ്റാറ്റർ വോൾക്സ്ഫെറിൻ ഓഡിറ്റോറിയത്തിൽ വിപുലമായ പരിപാടികളോടെ അരങ്ങേറും. മെഗാ പൂക്കളം, മെഗാ തിരുവാതിര, നൃത്തസംഗീത പരിപാടികൾ, മെഗാ ഷോകൾ, കുട്ടികൾക്കും യുവാക്കൾക്കുമായി പ്രത്യേക അവതരണങ്ങൾ, ഓണ സദ്യ എന്നിവ എന്നെത്തെയും പോലെ ഇത്തവണയും ആഘോഷങ്ങളുടെ പ്രധാന ആകർഷണങ്ങളായിരിക്കും.

കേരളത്തിന്റെ സമ്പന്നമായ പാരമ്പര്യവും സംസ്കാരവും പുതുതലമുറയിലേക്ക് കൈമാറുന്നതിനൊപ്പം, പ്രവാസി മലയാളികൾക്ക് ഒരുമിച്ചു സമയം ചെലവഴിക്കാനും സൗഹൃദബന്ധങ്ങൾ ശക്തിപ്പെടുത്താനും ഈ ആഘോഷം മികച്ച അവസരമാകുമെന്ന് സംഘാടകർ അറിയിച്ചു.

ട്രൈസ്റ്റേറ്റ് കേരള ഫോറം ചെയർമാൻ ലെനോ സ്കറിയയുടെ നേതൃത്വത്തിൽ ജനറൽ സെക്രട്ടറി ജോബി ജോർജ്, ട്രഷറർ രാജൻ സാമുവൽ, സെക്രട്ടറി സുരേഷ് നായർ, ജോയിന്റ് ട്രഷറർ ജീമോൻ ജോർജ്, എക്സിക്യൂട്ടീവ് വൈസ് ചെയർമാൻമാരായ വിൻസെന്റ് ഇമ്മാനുവൽ, ജോർജ് ഓലിക്കൽ, അലക്സ് തോമസ്, സുധ കർത്ത, ആശ ഓഗസ്റ്റിൻ, ഫിലിപ്പോസ് ചെറിയാൻ, അഭിലാഷ് ജോൺ എന്നിവർ പരിപാടികളുടെ ഏകോപനം നിർവഹിക്കുന്നു. ഓണാഘോഷ ചെയർമാനായി ബിനു മാത്യു, കേരള ഡേ ചെയർമാനായി തോമസ് പോൾ, പ്രോഗ്രാം കോർഡിനേറ്ററായി റോണി വർഗീസ് എന്നിവർ പ്രവർത്തിക്കുന്നു. പി.ആർ.ഒ ആയി സുമോദ് ടി. നെല്ലിക്കാല, അവാർഡ് കമ്മിറ്റി ചെയർമാനായി ജോർജ് നടവയൽ, ഐ.ടി. കോർഡിനേറ്ററായി സാജൻ വർഗീസ്, സോഷ്യൽ മീഡിയ കോർഡിനേറ്ററായി അനൂപ് അനു, മീഡിയ കോർഡിനേറ്ററായി അരുൺ കോവാട്ട്, കോഓർഡിനേറ്റർ ടി. ജെ. തോംസൺ, അനീഷ് ജോയ്, സിജു ജോൺ, ദിലീപ് ജോർജ്, ജോബി ജോർജ്കുട്ടി, ജെയ്സൺ വറുഗീസ്, ജോൺ പണിക്കർ എന്നിവർ വിവിധ മേഖലകളിൽ സജീവ നേതൃത്വം നൽകുന്നു.

സാംസ്കാരിക വൈവിധ്യവും സമൂഹ ഐക്യവും ഒരുമിച്ച് ആഘോഷിക്കുന്ന ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ഓണാഘോഷങ്ങൾ, പ്രവാസി മലയാളികളുടെ ഹൃദയങ്ങളിൽ കേരളത്തിന്റെ ആത്മാവിനെ വീണ്ടും ഉണർത്തുന്ന മഹോത്സവമായി മാറുമെന്ന് സംഘാടകർ പ്രത്യാശ പ്രകടിപ്പിച്ചു.

**International Day Of Families** - May 15

List of important days in May 2026 International: International Day of the Family is celebrated every year on May 15. This day is celebrated to raise awareness about the importance of Family. Family is a basic thing that every human needs nowadays. This day is announced by the United Nations General Assembly(UNGA).

## ഫൊക്കാന: അംഗസംഘടനകൾക്ക് അംഗത്വം പുതുക്കൽ ജൂൺ 6 വരെ; നോമിനേഷൻ 21 വരെ



**– ജോർജി വർഗീസ്**

ഫ്ലോറിഡ : 2026 ഓഗസ്റ്റ് 7 നു പെനിസിൽവാനിലെ കലഹാരി റിസോർട്ടിൽ ഫൊക്കാന കൺവെൻഷനിൽ വച്ച് നടത്തുന്ന തെരഞ്ഞെടുപ്പിനുള്ള ഇലക്ഷൻ നോട്ടിഫിക്കേഷൻ അംഗ സംഘടനകൾക്ക് അയച്ചുകൊടുത്തതായി തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ ജോർജി വർഗീസ്, അംഗങ്ങളായ ബിജു ജോൺ, ജോൺ പി ജോൺ എന്നിവർ അറിയിച്ചു. അംഗ സംഘടനകൾ അംഗത്വം പുതുക്കുന്നതിന് ഉള്ള അപേക്ഷകളും ഡെലിഗേറ്റ് ലിസ്റ്റും ജൂൺ 6ന് മുൻപായി ചുമതലപ്പെട്ടവർ നൽകണം.

കാനഡയിൽ നിന്നുമുള്ള ജോജി തോമസ് ചെയർമായ ട്രസ്റ്റീ ബോർഡ് ആണ് ഇലക്ഷന് ചുക്കാൻ പിടിക്കുന്നത്. അമേരിക്കൻ വോട്ടിങ്ങിനു സമാനമായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ സഹായത്തോടെയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. അമേരിക്കയിലെ പ്രസിദ്ധമായ ഒരു വോട്ടിംഗ് കമ്പനിക്കാണ് ഇതിന്റെ മുഴുവൻ ചുമതലയും.

സ്ഥാനാർത്ഥികൾക്ക് നാമനിർദ്ദേശ പത്രിക ജൂൺ 21 വരെ സ്വീകരിക്കും.

നോമിനേഷൻ പിൻവലിക്കാനുള്ള അവസാന തീയതി 2026 ജൂൺ 27 ആണ്.

ഒരാൾക്ക് ഒരു സ്ഥാനത്തേക്ക് മാത്രമേ നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ പാടുള്ളുവെന്ന് വ്യക്തമാക്കിയ സമിതി അംഗങ്ങൾ ഫൊക്കാനയുടെ അംഗസംഘടനകളുടെ ഭാഗമായവർ (അംഗങ്ങൾ) മാത്രമേ നാമനിർദ്ദേശ പത്രിക നൽകാനുള്ള അർഹതയുള്ളൂവെന്നും വ്യക്തമാക്കി.

നാമനിർദ്ദേശ പത്രികയ്ക്കൊപ്പം അതിന്റെ ഫീസ് കൂടി അയക്കേണ്ടുന്നതാണ്.

അതാതു സംഘടനകളുടെ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവർ ചേർന്നായിരിക്കണം ഓരോ സ്ഥാനാർഥികളെയും നാമനിർദ്ദേശം ചെയ്യേണ്ടത്. ഇവരിൽ മൂന്നിൽ രണ്ടുപേരുടെയെങ്കിലും ഒപ്പ് നാമനിർദ്ദേശപത്രികയിലുണ്ടായിരിക്കണം.

റീജിയണൽ വൈസ് പ്രസിഡണ്ട് (ആർ.വി.പി) സ്ഥാനാർത്ഥികൾ അതാതു റീജിയനുകളിൽ നിന്നുള്ള ഏതെങ്കിലും അംഗസംഘടനകളിൽ അംഗത്വമുള്ളവരായിരിക്കണം. റീജിയണൽ വൈസ് പ്രസിഡണ്ടുമാരെ തെരഞ്ഞെടുക്കുന്നത് അതാത് റീജിയണുകളിലെ ഡെലിഗേറ്റുമാരുടെയും അംഗസംഘടനകളുടെ നിലവിലുള്ള പ്രസിഡണ്ടുമാരുടെയും മുൻ പ്രസിഡണ്ടുമാരുടെയും മാത്രം വോട്ടുകളെ ആശ്രയിച്ചായിരിക്കും.

അംഗത്വ ഫീസ് അടച്ച് അംഗത്വം പുതുക്കിയ അംഗസംഘടനകളുടെ പ്രതിനിധികൾക്ക് മാത്രമേ ജനറൽ ബോഡിയിലും തെരെഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി വോട്ടെടുപ്പിലും പങ്കെടുക്കാൻ അനുവദിക്കുകയുള്ളു. അർഹതയുള്ള എല്ലാ പ്രതിനിധികളും ജനറൽ കൗൺസിൽ യോഗത്തിലും വോട്ടവകാശം രേഖപ്പെടുത്താനും നേരിട്ട് ഹാജരാകേണ്ടതാണ്. ഡെലിഗേറ്റുമാർ ജനറൽ ബോഡിയിൽ പങ്കെടുക്കാനും വോട്ടു ചെയ്യാനും എത്തുമ്പോൾ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖകൾ വിശദമായ പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്.

ഒരു അംഗ സംഘടനയിൽ നിന്ന് രണ്ടിൽ കൂടുതൽ സ്ഥാനാർത്ഥികളെ നാഷണൽ കമ്മിറ്റിയിലേക്കോ ട്രസ്റ്റി ബോർഡിലേക്കോ നാമനിർദ്ദേശം ചെയ്യാൻ പാടില്ല. ഫൊക്കാന നാഷണൽ കമ്മിറ്റിയിലോ, ട്രസ്റ്റി ബോർഡിലോ കുറഞ്ഞത് ഒരു തവണയെങ്കിലും പ്രവർത്തന പരിചയമില്ലാത്തവർക്ക് പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ബോർഡ് ഓഫ് ട്രസ്റ്റി സ്ഥാനങ്ങളിലേക്ക് മത്സരിക്കാൻ യോഗ്യത ഉണ്ടായിരിക്കുകയില്ല.

മറ്റേതങ്കിലും സമാന്തര സംഘടനകളുടെ ഔദ്യോഗിക ഭാരവാഹികൾ ആയിട്ടുള്ളവർക്ക് ഫൊക്കാനയുടെ ഒരു സ്ഥാനത്തേക്കും മത്സരിക്കാൻ യോഗ്യത ഉണ്ടാകില്ല. അംഗത്വം പുതുക്കാത്ത അംഗസംഘടനകളിൽ നിന്ന് ലഭിക്കുന്ന നാമനിദ്ദേശ പത്രികകൾക്ക് അയോഗ്യത കല്പിക്കുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷഫോറത്തിനും The Chairman, FOKANA Election Committee, 304 Indian Trace, PMB # 425, Weston, Fl 333262996. www.fokanaonline.org fokanaelection2026@gmail.com

## എച്ച്1ബി വീസ തട്ടിപ്പ് ഗൂഢാലോചന; രണ്ട് ഇന്ത്യൻ വംശജർ കുറ്റം സമ്മതിച്ചു

**ഇന്ത്യൻ വംശജരായ സമ്പത് രാജിടിയും (51), ശ്രീധർ മാഡയും (51) ആണ് കുറ്റക്കാർ. വിദേശ പൗരന്മാർക്ക് വർക്ക് പെർമിറ്റുകൾ ലഭിക്കുന്നതിനായി കലിഫോർണിയ സർവകലാശാലയുമായി ബന്ധിപ്പിച്ച് വ്യാജ തൊഴിൽ വാഗ്ദാനങ്ങൾ നൽകിയതാണ് കേസ്.**

കലിഫോർണിയ: യുഎസ് ജസ്റ്റിസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ എച്ച്1ബി വീസ തട്ടിപ്പ് ഗൂഢാലോചന കേസിൽ രണ്ട് പ്രതികൾ കുറ്റം സമ്മതിച്ചു. ഇന്ത്യൻ വംശജരായ സമ്പത് രാജിടിയും (51), ശ്രീധർ മാഡയും (51) ആണ് കുറ്റക്കാർ. വിദേശ പൗരന്മാർക്ക് വർക്ക് പെർമിറ്റുകൾ ലഭിക്കുന്നതിനായി കലിഫോർണിയ സർവകലാശാലയുമായി ബന്ധിപ്പിച്ച് വ്യാജ തൊഴിൽ വാഗ്ദാനങ്ങൾ നൽകിയതാണ് കേസ്.

കോടതി രേഖകൾ പ്രകാരം, പ്രതി സമ്പത് രാജിടി എസ് ടീം സോഫ്റ്റ് വെയർ ഇൻക്, അപ്ട്രെൻഡ് ടെക്നോളജീസ് എൽഎൽസി എന്നീ വീസ സേവന സ്ഥാപനങ്ങൾ നടത്തിവരികയായിരുന്നു. കലിഫോർണിയ സർവകലാശാലയുടെ കൃഷി പ്രകൃതി വിഭവ വകുപ്പിലെ ചീഫ് ഇൻഫർമേഷൻ ഓഫിസറായിരുന്നു ശ്രീധർ മാഡ. ഇവർക്ക് നേരിട്ട് എച്ച്1ബി തൊഴിലാളികളെ നിയമിക്കാൻ അധികാരം ഉണ്ടായിരുന്നില്ല. 2020 ജൂണിനും 2023 ജനുവരിക്കും ഇടയിൽ ഇരുവരും ചേർന്ന് രാജിഡിയുടെ കമ്പനികൾ വഴി നിരവധി വ്യാജ എച്ച്1ബി വീസ അപേക്ഷകളാണ് സമർപ്പിച്ചത്.

ഈ അപേക്ഷകളിൽ, തൊഴിലാളികൾ കലിഫോർണിയ സർവകലാശാലയിൽ ജോലി ചെയ്യുമെന്ന തെറ്റായ വിവരങ്ങൾ നൽകിയിരുന്നു. മാഡ തന്റെ പദവിയുടെ വിശ്വാസ്യത ഉപയോഗിച്ച് ഈ വ്യാജ അവകാശവാദങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്തു. എന്നാൽ, യാഥാർഥ്യത്തിൽ ഈ ജോലികൾ നിലവിലില്ലായിരുന്നുവെന്നും തൊഴിലാളികൾ സർവകലാശാലയുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ പ്രവർത്തിച്ചിരുന്നില്ലെന്നും അന്വേഷണത്തിൽ കണ്ടെത്തി.

ഇരുവരുടെയും ശിക്ഷാ വിധി ജൂലൈ 30ന് യുഎസ് ജില്ല ജഡ്ജി ട്രോയ് എൽ. നൺലി നിർണയിക്കും. പരമാവധി അഞ്ച് വർഷം തടവും 2.5 ലക്ഷം ഡോളർ പിഴയും ലഭിക്കാവുന്ന കുറ്റമാണിത്.

## ഫൊക്കാന ഹൂസ്റ്റൺ റീജിയൻ ഒരുക്കുന്ന സിനി ഫ്യൂഷൻ ഷോ മെയ് 16ന്

**– ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഫൊക്കാനയുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ നടത്തപ്പെടുന്ന ഭവനദാന പദ്ധതിയുടെ ഭാഗമായി ഹൂസ്റ്റൺ റീജിയൻ ഒരുക്കുന്ന സിനി ഫോക്സ് യു.എസ്.എ 2026 ന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നതായി സംഘാടകർ അറിയിച്ചു.


പ്രശസ്ത സിനിമാതാരവും നർത്തകിയുമായ അനു സിത്താരയോടൊപ്പം സിനിമാ ടെലിവിഷൻ രംഗത്തെ സജീവ സാന്നിധ്യങ്ങളായ ആര്യ, അഖിൽ കവലയൂർ തുടങ്ങി നിരവധി കലാകാരന്മാരും കലാകാരികളും അണിനിരക്കുന്ന വർണപ്പകിട്ടാർന്ന ഷോയുടെ വിജയത്തിനായി നിരവധി കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.

മെയ് 16നു ശനിയാഴ്ച വൈകുന്നേരം 5നു സെന്റ് ജോസഫ് ഹാളിൽ വച്ചാണ് ഷോ ക്രമീകരിച്ചിരിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക്

ഫാൻസിമോൾ പള്ളത്തുമഠം 713 933 7636, ജോജി ജോസഫ് 713 515 8432, സജി സൈമൺ 281 300 5663, വിനോയ് കുര്യൻ 832 517 4157

## കെ.എച്ച്.എൻ.എ കാനഡ ഒന്റാറിയോ റീജിയണൽ വൈസ് പ്രസിഡന്റായി കവിത കെ. മേനോൻ



ഫ്ലോറിഡ്: നോർത്ത് അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയുടെ കാനഡ ഒന്റാറിയോ റീജിയണൽ വൈസ് പ്രസിഡന്റായി (ആർ.വി.പി) കവിത കെ. മേനോനെ (കെ.കെ) നിയമിച്ചു. ഒന്റാറിയോ മേഖലയിലെ സംഘടനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സാമൂഹികസാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നതാണ് ആർവിപിയുടെ പ്രധാന ചുമതല.

പതിനഞ്ച് വർഷത്തിലേറെ പ്രവർത്തന പരിചയമുള്ള കവിത കെ. മേനോൻ മീഡിയ, നിയമം, സാമൂഹിക സേവനം എന്നീ മേഖലകളിൽ ശ്രദ്ധേയ സാന്നിധ്യമാണ്. രജിസ്റ്റേർഡ് സോഷ്യൽ വർക്കറായ കവിത, മാനസികാരോഗ്യ രംഗത്തും സജീവമായി പ്രവർത്തിച്ചുവരുന്നു. പ്രവാസി ജീവിതവുമായി ബന്ധപ്പെട്ട മാനസിക സമ്മർദ്ദങ്ങൾ, കുടുംബബന്ധങ്ങൾ, ദാമ്പത്യ പ്രശ്നങ്ങൾ എന്നിവയിൽ പ്രത്യേക ശ്രദ്ധ നൽകി കൗൺസിലിംഗും തെറാപ്പി സേവനങ്ങളും നൽകുന്നു.

സാമൂഹിക പ്രവർത്തനങ്ങൾക്കൊപ്പം മീഡിയയും ഇവന്റ് മാനേജ്മെന്റും ഉൾപ്പെടെയുള്ള മേഖലകളിലും കവിത സജീവമാണ്. വിവിധ സാംസ്കാരിക പരിപാടികൾക്കും കോർപ്പറേറ്റ് ഇവന്റുകൾക്കും നേതൃത്വം നൽകുന്നു.

സമൂഹസേവനവും നേതൃത്വവും ഒരുപോലെ മനോഹരമായി സമന്വയിപ്പിക്കുന്ന വ്യക്തിത്വമാണ് കവിത. മാനസികാരോഗ്യ രംഗത്തും മീഡിയ സാമൂഹിക മേഖലകളിലും ഉള്ള കവിതയുടെ അനുഭവവും ദർശനവും കാനഡയിലെ പ്രവർത്തനങ്ങൾക്ക് പുതിയ ഊർജവും ദിശാബോധവും നൽകും. യുവതലമുറയെ കൂടുതൽ സജീവമായി സംഘടനയോട് ചേർക്കാൻ പുതിയ നേതൃത്വത്തിന് സാധിക്കുമെന്ന് വിശ്വസിക്കുന്നു.

ജനറൽ സെക്രട്ടറി സിനു നായർ, ട്രഷറർ അശോക് മേനോൻ, വൈസ് പ്രസിഡന്റ് കെ.വി. സഞ്ജീവ് കുമാർ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള എന്നിവർ ഉൾപ്പെടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയും, ഡയറക്ടർ ബോർഡും, ട്രസ്റ്റി ബോർഡ് അംഗങ്ങളും കവിത കെ. മേനോന് ആശംസകൾ നേർന്നു.

## ഡാളസിലെ മുസ്ലിം സർവകലാശാല അടച്ചുപൂട്ടാൻ ഉത്തരവ്

ഡാളസ്: ടെക്സസിലെ റിച്ചാർഡ്സൺ കേന്ദ്രമായി പ്രവർത്തിക്കുന്നടെക്സസ് അമേരിക്കൻ മുസ്ലിം യൂണിവേഴ്സിറ്റി ഉടനടി അടച്ചുപൂട്ടാൻ ടെക്സസ് ഹയർ എഡ്യൂക്കേഷൻ കോർഡിനേറ്റിംഗ് ബോർഡ് ഉത്തരവിട്ടു. സംസ്ഥാന സർക്കാരിന്റെ ആവശ്യമായ അനുമതികളില്ലാതെ നിയമവിരുദ്ധമായി ബിരുദ പ്രോഗ്രാമുകൾ വാഗ്ദാനം ചെയ്തതിനാണ് ഈ നടപടി.

ടെക്സസ് വിദ്യാഭ്യാസ നിയമപ്രകാരം ബിരുദങ്ങൾ നൽകാനോ സർവകലാശാല എന്ന പേര് ഉപയോഗിക്കാനോ ഉള്ള അധികാരം ഈ സ്ഥാപനത്തിനില്ലെന്ന് അധികൃതർ വ്യക്തമാക്കി.

സ്ഥാപനത്തിനെതിരെ നടപടിയെടുക്കാൻ താൻ നേരിട്ട് നിർദ്ദേശം നൽകിയതായി ടെക്സസ് ഗവർണർ ഗ്രെഗ് ആബട്ട് അറിയിച്ചു. നിയമം പാലിച്ചില്ലെങ്കിൽ കർശനമായ നിയമനടപടികൾ നേരിടേണ്ടിവരുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

## ഫൊക്കാന അവതരിപ്പിക്കുന്ന ഒരു താളം, ഒരു മേളം നോർത്ത് അമേരിക്കൻ മലയാളികളുടെ ലോക റെക്കോർഡ് സ്വപ്നം

**– സാജ് കാവിന്റെ അരികത്ത്**

ന്യൂ യോർക്ക്: ഫൊക്കാന സംഘടിപ്പിക്കുന്ന ഒരു താളം, ഒരു മേളംഎന്ന മഹത്തായ സാംസ്കാരിക ദൗത്യത്തിന്റെ ഓൺലൈൻ മീറ്റിംഗ് മെയ് 11ന് ആവേശകരമായ പങ്കാളിത്തത്തോടെയും സജീവ ചർച്ചകളോടെയും നടന്നു.

കേരളത്തിന്റെ അഭിമാനവും പദ്മശ്രീ ജേതാവുമായ മട്ടന്നൂർ ശങ്കരൻകുട്ടി സന്നിഹിതനായ ഈ മീറ്റിംഗിൽ വടക്കേ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 37 ചെണ്ട ആശാൻമാർ പങ്കെടുത്തു. ചെണ്ടമേളത്തിന്റെ തനിമയും കേരളീയ പാരമ്പര്യത്തിന്റെ ആത്മാവും ഒരു തരി പോലും നഷ്ടപ്പെടാതെ, ഗിന്നസ് ലോക റെക്കോർഡിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ഈ സംരംഭം എങ്ങനെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താമെന്നതായിരുന്നു പ്രധാന ചർച്ചാവിഷയം.

പഞ്ചാരിമേളത്തിന്റെ ഘടന, ചെണ്ട സംഘങ്ങളുടെ കോമ്പിനേഷൻ, വേഷധാരണം, ഏകോപിത പരിശീലനം, സാമ്പിൾ വീഡിയോ തയ്യാറാക്കൽ, വിവിധ പ്രദേശങ്ങളിലായി പരിശീലനം എങ്ങനെ കാര്യക്ഷമമായി വ്യാപിപ്പിക്കാം തുടങ്ങിയ വിഷയങ്ങളിൽ ആശാൻമാർ വിലപ്പെട്ട നിർദേശങ്ങളും സംശയനിവാരണങ്ങളും പങ്കുവെച്ചു.

2026 ഓഗസ്റ്റ് 6 മുതൽ 9 വരെ ലോകത്തിലെ ഏറ്റവും വലിയ ഇൻഡോർ ഔട്ട്ഡോർ വാട്ടർ പാർക്കായ കൽഹാരി റിസോർട്ടിൽ ഫൊക്കാന ഇന്റർനാഷണൽ ഫാമിലി കൺവെൻഷൻ അരങ്ങേറുമ്പോൾ ഈ ചരിത്ര സംഗമത്തിന് ഓഗസ്റ്റ് 8ന് വൈകിട്ട് 3 മണിക്ക് ഈ ഗിന്നസ് ലോക റെക്കോർഡ് ശ്രമം അരങ്ങേറും.

ഈ മഹാസംരംഭം ഒരു റെക്കോർഡിനായുള്ള പരിശ്രമം മാത്രമല്ലമലയാളിയുടെ ഹൃദയമിടിപ്പായ ചെണ്ടമേളത്തെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാനുള്ള ഫൊക്കാനയുടെ ആത്മാർഥമായ പരിശ്രമത്തിന്റെ ഭാഗമാണ്.

ചെണ്ടയുടെ ഓരോ നാദവും കേരളത്തിന്റെ മണ്ണിന്റെ ഗന്ധമാണ്. പഞ്ചാരിമേളത്തിന്റെ ഓരോ താളവും, ഓരോ മേളവും തലമുറകളെ ബന്ധിപ്പിക്കുന്ന ഒരു സാംസ്കാരിക നാഡിയാണ്. ഒരാളുടെ താളം മറ്റൊരാളുടേതുമായി കൃത്യമായി ചേരുമ്പോഴാണ് പഞ്ചാരിമേളം പൂർണമാകുന്നത്. അതുപോലെ ലോകമെമ്പാടുമുള്ള മലയാളികൾ ഒരുമിക്കുമ്പോഴാ ണ് ഈ സ്വപ്നവും ചരിത്രമാകുന്നത്.

ഇതുവരെ വിവിധ നഗരങ്ങളിൽ വേർതിരിഞ്ഞ് പ്രവർത്തിച്ചിരുന്ന ചെണ്ട കലാകാരന്മാരെ ഒരു വേദിയിലേക്ക് കൂട്ടിച്ചേർത്ത്, വടക്കേ അമേരിക്കയിൽ ശക്തമായ ഒരു ചെണ്ട നെറ്റ്വർക്ക്രൂപപ്പെടുന്നതും ഇ ൗ സംരംഭത്തിന്റെ വലിയൊരു നേട്ടമായി മാറുന്നു. അത് ഒരു ഗിന്നസ് റെക്കോർഡിനേക്കാൾ വലിയ മലയാളി ഐക്യത്തിന്റെ മേളം ആകുകയാണ്.

ലോകത്തിലേക്കും ഏറ്റവും വലുതും പുരാതനവുമായ പ്രവാസി സംഘടനയായ ഫൊക്കാനയുടെ ഈ ദൗത്യം വെറും ഒരു പ്രശസ്തിക്കായുള്ള ശ്രമമല്ലെന്ന് പങ്കെടുത്ത കലാകാരന്മാർ വ്യക്തമാക്കുന്നു. മറിച്ച്, മലയാളിയുടെ സമ്പന്നമായ പൈതൃകത്തെയും ചെണ്ടമേളത്തിന്റെ ആത്മീയസാംസ്കാരിക മഹത്വത്തെയും ലോക വേദിയിൽ അഭിമാനത്തോടെ ഉയർത്തിക്കാട്ടാനുള്ള ഒരു കൂട്ടായ പ്രതിജ്ഞയാണ് ഇത്.

ഗിന്നസ് ബുക്കിലേക്ക് നാം നടന്നടുക്കുകയാണ്, പത്മശ്രീ മട്ടന്നൂർ ശങ്കരൻകുട്ടിക്കൊപ്പം ചരിത്രത്തിന്റെ ഭാഗമാകാൻ ഫോക്കാന ഒരുക്കുന്ന ഈ അപൂർവ്വ അവസരം നോർത്ത് അമേരിക്കൻ മലയാളികൾ വിനിയോഗിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ ചെണ്ട കലാകാരന്മാരെയും ആസ്വാദകരെയും ഈ ചരിത്ര മുഹൂർത്തത്തിന്റെ ഭാഗമാകാൻ ക്ഷണിക്കുകയാണ്. മികച്ച ഏകോപനത്തിനും നിലവാരമുള്ള പരിശീലനത്തിനുമായി രൂപീകരിച്ച ടീമിലേക്ക് എല്ലാവരും ചേർന്ന് പ്രവർത്തിക്കണമെന്നും അപേക്ഷിക്കുന്നു .

ഇത് വെറും ഗിന്നസ് റെക്കോർഡ് ശ്രമമല്ല ലോകം കേൾക്കുന്ന രീതിയിൽ മലയാളിയുടെ താളമിടിപ്പിനെ ഒരുമിച്ച് മുഴക്കാനുള്ള മഹായജ്ഞമായാണ് ഇതിനെ കാണുന്നതെന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

## മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് പള്ളിയിൽ മാതൃദിനംആഘോഷിച്ചു



**– വത്സലൻ വർഗീസ്**

മെസ്കീറ്റ്: മെയ് പത്താം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം മെസ്കീറ്റ് മാർ ഗ്രിഗോറിയോസ് പള്ളിയിൽ മാതൃദിനം ആഘോഷിച്ചു. റെബേക്ക ഡേവിഡ്, റെയ്ച്ചൽ ഡേവിഡ് എന്നിവരുടെ ഗാനാലാപനത്തോടെ ആരംഭിച്ച ചടങ്ങിൽ വികാരി റവ.ഫാ. ബിനു തോമസ്, സെക്രട്ടറി വത്സലൻ വർഗീസ്, സണ്ടേ സ്കൂളിൽ നിന്നും എയ്ഡൻ ഏയ്ഞ്ചൽ എന്നിവർ അമ്മമാരുടെ സ്നേഹം നിറഞ്ഞതും, ത്യാഗം നിറഞ്ഞതുമായ ജീവിതത്തെക്കുറിച്ച് സംസാരിച്ചു.

അമ്മമാരോടുള്ള ആദരസൂചകമായി എല്ലാ അമ്മമാർക്കും പൂച്ചെണ്ടുകൾ സമ്മാനിക്കുകയും, കേക്ക് മുറിക്കുകയും ചെയ്തു. പങ്കെടുത്ത എല്ലാവർക്കും മറക്കാനാവാത്ത അനുഭവമായി മാറി.

World Telecommunication And Information Society Day - May 17

List of important days in May 2026 International: World Telecommunication And Information Society Day is celebrated on May 17. The United Nations General Assembly(UNGA) declared May 17 as World Telecommunication And Information Society Day. Since 1969, World Telecommunication Day has been celebrated annually on May 17 to mark the foundation of ITU.

World Hypertension Day - May 17

List of important days in May 2026 International: World Hypertension Day is celebrated annually on May 17. This day is prompted by the World Hypertension League(WHL). The Theme of World Hypertension Day 2026 will be updated later.

## സീറോ മലബാർ സഭയിലെ ഒരേ ഇടവകയിൽ നിന്ന് രണ്ട് ഡീക്കന്മാർ പൗരോഹിത്യത്തിലേക്ക്



ന്യൂജേഴ്സി: പ്രവാസി മലയാളി സമൂഹത്തിനും സീറോ മലബാർ സഭയ്ക്കും അഭിമാന നിമിഷമായി ന്യൂജേഴ്സിയിലെ പാറ്റേഴ്സൺ സെന്റ് ജോർജ് ദേവാലയത്തിൽ ചരിത്ര സംഭവം ഒരുങ്ങുന്നു. ഒരേ ഇടവകയിൽ വളർന്ന രണ്ട് മലയാളി യുവാക്കൾ ഒരേസമയം പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെടുന്നു എന്ന അപൂർവ്വ നേട്ടത്തിനാണ് വിശ്വാസിസമൂഹം സാക്ഷ്യം വഹിക്കാൻ പോകുന്നത്. ഡീക്കൻ സാം കുട്ടപ്പശ്ശേരിയും ഡീക്കൻ മൈക്കിൾ ജെയിംസുമാണ് വിശുദ്ധ പൗരോഹിത്യം സ്വീകരിക്കുന്നത്.

പാറ്റേഴ്സണിലെ ഗെറ്റി അവന്യൂവിലുള്ള സെന്റ് ജോർജ് ദേവാലയത്തിൽ ശനിയാഴ്ച രാവിലെ പത്തിനാണ് തിരുക്കർമ്മങ്ങൾ ആരംഭിക്കുക. ചിക്കാഗോ സെന്റ് തോമസ് രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട് മുഖ്യകാർമ്മികത്വം വഹിക്കും. ഇടവകയുടെ പ്രാരംഭ ഘട്ടത്തിൽ പത്തു വർഷത്തോളം സേവനം ചെയ്ത മാർ ജോയ് ആലപ്പാട്ട്, അന്ന് തന്റെ കീഴിൽ വിശ്വാസ പരിശീലനം നേടിയ രണ്ട് മക്കളെ വൈദികരായി അഭിഷേകം ചെയ്യുന്നു എന്ന പ്രത്യേകതയും ഈ ചടങ്ങിനുണ്ട്.

ഇന്ത്യയ്ക്ക് പുറത്തുള്ള രൂപതകളിൽ പൗരോഹിത്യ ദൈവവിളികൾ കുറഞ്ഞു വരുന്ന സാഹചര്യത്തിൽ, ഒരേ ഇടവകയിൽ നിന്നുള്ള ആദ്യതലമുറക്കാരായ രണ്ട് പ്രവാസി മലയാളി യുവാക്കൾ ഒരുമിച്ച് വൈദികരാകുന്നത് സഭയുടെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്.

ഡീക്കൻ സാം കുട്ടപ്പശേരി റട്ഗേഴ്സ് സർവകലാശാലയിൽ നിന്ന് ബിരുദം നേടിയ ശേഷം ഇല്ലിനോയിസിലും റോമിലുമായി വൈദിക പഠനം പൂർത്തിയാക്കി. ന്യൂജേഴ്സിയിലെ റോബി സിസി ദമ്പതികളുടെ മകനാണ്. ഡീക്കൻ മൈക്കിൾ ജെയിംസ് കാൾഡ്വെൽ സർവകലാശാലയിൽ നിന്ന് ബയോളജി ബിരുദത്തിന് ശേഷമാണ് മണ്ടലീൻ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയത്. ജെയിംസ് ഷേർളി ദമ്പതികളുടെ മകനാണ്.

തിരുക്കർമ്മങ്ങൾക്ക് ശേഷം ഉച്ചയ്ക്ക് ഒരു മണിക്ക് അനുമോദന സമ്മേളനവും തുടർന്ന് രണ്ട് മണിക്ക് ഉച്ചഭക്ഷണ വിരുന്നും ഉണ്ടായിരിക്കുന്നതാണ്.

ജൂൺ 14 ഞായറാഴ്ച രാവിലെ 9:30 ന് ഡീക്കൻ സാം കുട്ടപ്പശേരിയും 11:30ന് ഡീക്കൻ മൈക്കിൾ ജെയിംസും തങ്ങളുടെ പ്രഥമ ദിവ്യബലി അർപ്പിക്കും. ഇടവക വികാരി ഫാ. സിമ്മി തോമസിന്റെയും കൈക്കാരന്മാരുടെയും നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങളാണ് നടക്കുന്നത്.

## കെ.എച്.എൻ.എ. സൂപ്പർ സിംഗേഴ്സ് സീസൺ 2: കെ.എസ്. ചിത്ര ഉദ്ഘാടനം ചെയ്തു

**– സതീഷ് മാടമ്പത്ത്**

ഫ്ലോറിഡ, ടാമ്പാ: കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക സംഘടിപ്പിക്കുന്ന കെ.എച്.എൻ.എ. സൂപ്പർ സിംഗേഴ്സ് സീസൺ 2 സംഗീത മത്സരത്തിന്റെ ഉദ്ഘാടനം നടന്നു.

അഞ്ജന പ്രയാഗയും സുനിത മേനോനും അവതാരകരായ ചടങ്ങിന് ഹരികൃഷ്ണ കോയിപ്പള്ളിൽ ആലപിച്ച ഭക്തിനിർഭരമായ പ്രാർത്ഥനാഗാനത്തോടെ തിരശ്ശീല ഉയർന്നു. സൂപ്പർ സിംഗേഴ്സ് ചെയർ സതീഷ് അമ്പാടി സ്വാഗതം ആശംസിച്ചു. അഞ്ച് വർഷം മുമ്പ് നടന്ന സീസൺ 1ന്റെ വിജയഗാഥയും സീസൺ 2നെ അതിലും മികച്ചതാക്കാനുള്ള പദ്ധതികളും അദ്ദേഹം പങ്കുവെച്ചു.

പ്രസിഡന്റ് ഉണ്ണികൃഷ്ണൻ അഭിസംബോധന ചെയ്തു സംസാരിച്ചു. തുടർന്ന്, മുഖ്യാതിഥിയായെത്തിയ ഇന്ത്യയുടെ വാനമ്പാടി കെ.എസ്. ചിത്ര ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഇന്ത്യയെ അപേക്ഷിച്ച് സംഗീത മത്സരങ്ങൾക്ക് അധികം അവസരങ്ങളില്ലാത്ത അമേരിക്കയിൽ, ഇതുപോലത്തെ പരിപാടികൾക്കുള്ള പ്രാധാന്യം ഏറെ കൂടുതൽ ആണെന്ന് അഭിപ്രായപ്പെട്ടു.

പ്രശസ്ത പിന്നണിഗായകൻ ബിജു നാരായണൻ, ഗായകനും സംഗീതസംവിധായകനുമായ ശ്രീവത്സൻ ജെ. മേനോൻ തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

സംഘാടകസമിതിയെ പ്രതിനിധീകരിച്ചു കൊണ്ട്, സതീഷ്അമ്പാടി, സതീഷ് മാടമ്പത്ത്, സതീഷ് കാളത്ത്, അഞ്ജന പ്രയാഗ, സുനിത മേനോൻ, രഞ്ജിത്ത് പിള്ള, ഹരികൃഷ്ണ കോയിപ്പള്ളിൽ, ജിത്ത് ശ്രീനിവാസൻ എന്നിവർ സംസാരിച്ചു. ലേഖാ മേനോൻ, ബിനി പണിക്കർ, ജ്യോതി സതീഷ്, ചന്ദ്രമോഹൻ, കാർത്തിക ഷാജി, പ്രൊഫ: ജയകൃഷ്ണൻ, ശബരിനാഥ് നായർ, ലക്ഷ്മി നായർ, അനുശ്രീ ജയേഷ്, ശുഭശ്രീ നാരായണൻ, ജ്യോത്സന നാണു, ദീപക് വർമ്മ എന്നിവരെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തി.

## ഫൊക്കാന സാഹിത്യസമ്മേളനം എല്ലാ പ്രൗഢിയോടും കൂടി ഫൊക്കാന കൺവെൻഷനിൽ

**– വർഗീസ് കോരസൺ**

ന്യൂ യോർക്ക്: 2026 ആഗസ്റ്റ് 6-ാം തീയതി പെൻസിൽവാനിയയിലെ കലഹാരി റിസോർട്ടിൽ അരങ്ങേറുന്ന ഫൊക്കാന കൺവെൻഷനിൽ മലയാള ഭാഷക്കും സാഹിത്യത്തിനും അർഹമായ പ്രാധാന്യം നൽകി വിപുലമായ സാഹിത്യസമ്മേളനം സംഘടിപ്പിക്കുന്നു.

കുമരകത്ത് നടന്ന കേരള കൺവെൻഷനിലെ സാഹിത്യസമ്മേളനങ്ങളും ശ്രദ്ധേയമായിരുന്നു. മലയാള സാഹിത്യരംഗത്തെ പ്രമുഖ എഴുത്തുകാരെ ആദരിക്കുകയും പുരസ്കാരങ്ങൾ നൽകി അനുമോദിക്കുകയും ചെയ്ത ചടങ്ങുകൾ വലിയ ജനശ്രദ്ധ നേടിയിരുന്നു. സാഹിത്യരംഗത്ത് സജീവമായ എഴുത്തുകാരുടെ സാന്നിധ്യംകൊണ്ട് സമ്പുഷ്ടമായിരുന്ന ആ സമ്മേളനങ്ങൾ ഏറെ പ്രശംസിക്കപ്പെട്ടു. മലയാളികളുടെ ലോകത്തിലെ ഏറ്റവും സമഗ്രവും പഴക്കമേറിയതുമായ സാമൂഹിക സംഘടനകളിലൊന്നായി ഫൊക്കാനയെ അടയാളപ്പെടുത്തുന്നതിലും ഇത്തരം പ്രവർത്തനങ്ങൾ നിർണായക പങ്കുവഹിക്കുന്നു.

കലഹാരി റിസോർട്ടിൽ അരങ്ങേറുന്ന ഫൊക്കാന കൺവെൻഷനിലും ചരിത്രം കുറിക്കുന്ന സാഹിത്യസമ്മേളനമാണ് ഒരുങ്ങുന്നത്. മലയാള ഭാഷക്കും സാഹിത്യത്തിനും നോർത്ത് അമേരിക്കയിൽ ശ്രദ്ധേയമായ ഇടം സൃഷ്ടിക്കുന്നതിൽ ഫൊക്കാന സ്ഥിരതയാർന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. നോർത്ത് അമേരിക്കയിലെ മലയാളം എഴുത്തുകാരെ ഒരുമിപ്പിക്കുന്ന വലിയ സാഹിത്യവേദിയായിരിക്കും ഇത്തവണത്തെ സമ്മേളനം. കൺവെൻഷന്റെ പ്രധാന വേദികളിലൊന്നിൽ തന്നെയായിരിക്കും സാഹിത്യ സമ്മേളനം നടക്കുക.

കേരളത്തിൽ നിന്നുള്ള പ്രമുഖ സാഹിത്യകാരന്മാരും അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന എഴുത്തുകാരും സമ്മേളനത്തിൽ പങ്കെടുക്കും. അടൂർ ഗോപാലകൃഷ്ണൻ, കെ. വി. മോഹൻകുമാർ, ജോസ് പനച്ചി, പി.പി.ജെയിംസ്, ബെന്നി നായരമ്പലം, ഡോ. പ്രമീളാദേവി, ടി.ഡി. രാമകൃഷ്ണൻ തുടങ്ങിയവർ പങ്കെടുക്കും.

നോർത്ത് അമേരിക്കയിലെ മലയാളം എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നോവൽ, ചെറുകഥ, കവിത, ഹാസ്യം, യാത്രാവിവരണം, ലേഖനം എന്നീ വിഭാഗങ്ങളിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ പുറത്തിറങ്ങിയ കൃതികൾ വിലയിരുത്തി അവാർഡുകൾ നൽകും. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. കൂടാതെ, നോർത്ത് അമേരിക്കൻ എഴുത്തുകാരുടെ സമഗ്ര സാഹിത്യ സംഭാവനകൾ പരിഗണിച്ചും പ്രത്യേക അംഗീകാരങ്ങൾ നൽകപ്പെടും.

ഇതുവരെ പ്രസിദ്ധീകരിച്ച മലയാള പുസ്തകങ്ങളുടെ വിപുലമായ പ്രദർശനവും കൺവെൻഷനോടനുബന്ധിച്ച് ഒരുക്കുന്നുണ്ട്. പുസ്തകചർച്ചകൾ, പുസ്തക പ്രകാശനങ്ങൾ, സാഹിത്യത്തിലെ പുതിയ പ്രവണതകളെക്കുറിച്ചുള്ള സംവാദങ്ങൾ എന്നിവയും സമ്മേളനത്തിന്റെ ഭാഗമായി നടക്കും.

സാഹിത്യസമ്മേളനത്തിന്റെ ക്രമീകരണങ്ങൾക്കായി കോരസൺ വർഗീസ് (ചെയർമാൻ), കെ. കെ. ജോൺസൻ (കോ ചെയർമാൻ), മുരളി ജെ. നായർ (കോ ചെയർമാൻ), ഗീത ജോർജ് (കോർഡിനേറ്റർ), ബെന്നി നെച്ചൂർ, അബ്ദുൾ പുന്നയൂർക്കുളം, വേണു ഗോപാലൻ കൊക്കോടൻ, അഭിലാഷ് തുണ്ടുമണ്ണിൽ എന്നിവരെ നിയമിച്ചതായി പ്രസിഡന്റ് സജിമോൻ ആൻറണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ എന്നിവർ അറിയിച്ചു.

## റവ. ജോബിൻ ജോസ് അച്ചന് ഡിട്രോയിറ്റ് മാർതോമാ ഇടവകയുടെ ആവേശോജ്ജ്വലമായ സ്വീകരണം



**– പി പി ചെറിയാൻ**

ഡിട്രോയിറ്റ്: ഡിട്രോയിറ്റ് മാർതോമാ ഇടവകയുടെ പുതിയ വികാരിയായി നിയമിതനായ റവ. ജോബിൻ ജോസ് അച്ചനും കുടുംബവും മിഷിഗണിലെത്തി. 2026 മെയ് 8 വെള്ളിയാഴ്ച ഡിട്രോയിറ്റ് മെട്രോപൊളിറ്റൻ ഇന്റർനാഷണൽ എയർപോർട്ടിൽ എത്തിയ അച്ചനെയും കുടുംബത്തെയും ഇടവക ഭാരവാഹികളും വിശ്വാസികളും ചേർന്ന് സ്നേഹപൂർവ്വം സ്വീകരിച്ചു.

1978ൽ സ്ഥാപിതമായ ഡിട്രോയിറ്റ് മാർതോമാ ഇടവകയുടെ പതിനെട്ടാമത് വികാരിയായാണ് ജോബിൻ ജോസ് അച്ചൻ ചുമതലയേൽക്കുന്നത്. അച്ചനോടൊപ്പം ഭാര്യ ജിൻസി ആനി ജോർജ്, മക്കളായ സിയ സാറ ജോബിൻ, നഥാൻ ജോസ് ജോബിൻ, നിയ മറിയം ജോബിൻ എന്നിവരും ഉണ്ടായിരുന്നു.

എയർപോർട്ടിലെ ഔദ്യോഗിക സ്വീകരണത്തിന് ശേഷം ചർച്ച് പാഴ്സനേജിലേക്കുള്ള യാത്രയ്ക്കിടെ അച്ചനും കുടുംബവും ഡിട്രോയിറ്റ് മാർതോമാ പള്ളി സന്ദർശിച്ചു. അവിടെ കൂടിയിരുന്ന ഇടവകാംഗങ്ങൾ പ്രാർത്ഥനയോടെയും വലിയ സന്തോഷത്തോടെയും അവരെ സ്വീകരിച്ചു.

പുതിയ ശുശ്രൂഷാ ദൗത്യത്തിന് തുടക്കം കുറിക്കുന്ന അച്ചനെയും കുടുംബത്തെയും തുടർന്നും പ്രാർത്ഥനയിൽ സ്മരിക്കണമെന്ന് ഇടവക സെക്രട്ടറി വിനോദ് തോമസ് അഭ്യർത്ഥിച്ചു. വരും ദിവസങ്ങളിൽ ഇടവകാംഗങ്ങളുമായി കൂടുതൽ അടുത്തിടപഴകാനും വരുന്ന ഞായറാഴ്ചത്തെ ആരാധനയിൽ എല്ലാവരോടുമൊപ്പം ചേർന്ന് ദൈവത്തെ സ്തുതിക്കാനും തങ്ങൾ ആഗ്രഹിക്കുന്നതായി അച്ചനും കുടുംബവും അറിയിച്ചു.

**International Museum Day** - May 18

List of important days in May 2026 International: International Museum Day is celebrated every year on May 18 to raise awareness about the museums in society. The International Council of Museums(ICOM) prompted this day every year since 1977. This day is celebrated to create the importance of Museums for the development of Society.

**World AIDS Vaccine Day** - May 18

List of important days in May 2026 International: World AIDS Vaccine Day or HIV Vaccine Awareness Day is observed every year on May 18 to raise awareness about the need for vaccines. World Vaccine AIDS Day marks the importance of Research and scientists to help the better improvement of medicines.

## സൊറോസ് ഫെലോഷിപ്പ് 2026: 11 ഇന്ത്യൻ വംശജർക്ക് അഭിമാന നേട്ടം



**– പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡി.സി: അമേരിക്കയിലെ കുടിയേറ്റക്കാർക്കും അവരുടെ മക്കൾക്കും ഉന്നത വിദ്യാഭ്യാസത്തിനായി നൽകുന്ന പ്രശസ്തമായ 'പോൾ ആൻഡ് ഡെയ്സി സൊറോസ് ഫെലോഷിപ്പ്' പ്രഖ്യാപിച്ചു. ആകെ തിരഞ്ഞെടുത്ത 30 പേരിൽ 11 പേരും ഇന്ത്യൻ വംശജരാണെന്നത് ഇത്തവണത്തെ പ്രത്യേകതയാണ്.

തിരഞ്ഞെടുക്കപ്പെട്ടവർക്ക് തങ്ങളുടെ ബിരുദാനന്തര പഠനത്തിനായി 90,000 ഡോളർ (ഏകദേശം 75 ലക്ഷം രൂപ) വരെ സാമ്പത്തിക സഹായം ലഭിക്കും. 3,070 അപേക്ഷകരിൽ നിന്നാണ് ഏറ്റവും മികച്ച 30 പേരെ കണ്ടെത്തിയത്.

അഖിൽ രാജൻ (യേൽ സർവകലാശാലയിൽ പൊളിറ്റിക്കൽ സയൻസിൽ പിഎച്ച്ഡി വിദ്യാർത്ഥി), അക്ഷയ വിജയ അന്നപ്രഗഡ (കാൻസർ കണ്ടെത്താനുള്ള ലികിഡ് ബയോ പ്സി സാങ്കേതികവിദ്യയിൽ ഗവേഷണം നടത്തുന്ന ഡോക്ടർ, സയന്റിസ്റ്റ്), അനന്തൻ സദഗോപൻ (ഹാർവാർഡിൽ ബയോളജിക്കൽ സയൻസിൽ പിഎച്ച്ഡി വിദ്യാർത്ഥി, കെമിക്കൽ ബയോളജിയിൽ വിദഗ്ധൻ), ആര്യ റാവു (ഹാർവാർഡ് എംഐടി സംയുക്ത പ്രോഗ്രാമിൽ എംഡി/പിഎച്ച്ഡി വി ദ്യാർത്ഥി, ഐഎ ഉപയോഗിച്ചുള്ള ചികിത്സാ രീതികളിൽ ഗവേഷണം), അവിനാഷ് വദാലി (എംഐടിയിൽ ഫിസിക്സിൽ പിഎച്ച്ഡി ചെയ്യുന്നു. ക്വാണ്ടം സിസ്റ്റങ്ങളിൽ ഗവേ ഷണം), ഇലീന ലോഗാനി (സ്റ്റാൻഫോർഡ് ലോ സ്കൂളിൽ ജെഡി വിദ്യാർത്ഥി. സാമൂഹിക നീതിയും സാമ്പത്തിക നയങ്ങളും കേന്ദ്രീകരിച്ചുള്ള പ്രവർത്തനം), റിയ ദാസ (എംഐടിയിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിലും കമ്പ്യൂട്ടർ സയൻസിലും പിഎച്ച്ഡി ചെയ്യുന്നു), റോണക് ദേശായി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് പുതിയ ആന്റിബയോട്ടിക്കുകൾ കണ്ടെത്താനുള്ള ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്നു), സെറീൻ സിംഗ് (ഓക്സ്ഫോർഡിൽ നിന്ന് ക്രിമിനോളജിയിൽ പിഎച്ച്ഡി നേടി. നീതിന്യായ വ്യവസ്ഥയിലെ പരിഷ്കാരങ്ങൾക്കായി പ്രവർത്തിക്കുന്നു), വിവസ്വാൻ വൈകുണ്ഠം (യുസിഎസ്എഫിൽ ഇമ്മ്യൂണോളജിയിലും ജീൻ എഡിറ്റിംഗിലും ഗവേഷണം നടത്തുന്നു), യാസ ബേഗ് (സ്റ്റാൻഫോർഡ് സർവകലാശാലയിൽ ബയോ എഞ്ചിനീയറിംഗിൽ പിഎച്ച്ഡി ചെയ്യുന്നു).

സയൻസ്, നിയമം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങി വിവിധ മേഖലകളിൽ മികച്ച കഴിവ് തെളിയിച്ചവരാണ് ഇവർ. അമേരിക്കയുടെ സാമൂഹികവും ഭരണഘടനാപരവുമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ പ്രതിജ്ഞാബദ്ധരായ 'പുതിയ അമേരിക്കക്കാരാണ്' ഈ പ്രതിഭകളെന്ന് ഫെലോഷിപ്പ് സമിതി വ്യക്തമാക്കി.

## കാൽഗറി സെന്റ് മേരീസ് ദേവാലയ കൂദാശയും പ്രതിഷ്ഠാ ദിനവും മെയ് 29, 30 തീയതികളിൽ

**– ജോസഫ് ജോൺ കാൽഗറി**

കാൽഗറി : മലങ്കര ഓർത്തഡോക്സ് സഭയുടെ കാനഡ ഭദ്രാസനത്തിലെ കാൽഗറി സെന്റ് മേരീസ് ദേവാലയം കൂദാശ നിർവിലേക്ക്. മെയ് മാസം 29, 30 തീയതികളിൽ നടത്തപ്പെടുന്നു. മലങ്കര ഓർത്തഡോക്സ് സഭാ അദ്ധ്യക്ഷൻ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവായുടെ പ്രധാന കാർമികത്വത്തിലും കാനഡ ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയാ മാർ നിക്കോളോവോസിന്റെയും കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഗീവറുഗീസ് മാർ യൂലിയോസിന്റെയും സഹ കാർമ്മികത്വത്തിലും നടക്കും.

2024 ജൂൺ 29നു സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത അടിസ്ഥാന ശില സ്ഥാപിച്ചു.

കൂടുതൽ വിവരങ്ങൾക്ക്:
+1 403 7084123 +1 403 5619400

## ന്യൂയോർക്ക് വെസ്റ്റ് സെയ്‌വിൽ സെന്റ് മേരീസ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ്



**– ജിനേഷ് തമ്പി**

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് ന്യൂയോർക്ക് വെസ്റ്റ് സെയ്‌വിൽ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്വല തുടക്കം. 2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. കൃപയുടെ പാത്രങ്ങൾഎന്നതാണ് ചിന്താ വിഷയം.

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ദേവാലയത്തിൽ ജെയ്സൺ തോമസ്, ആശ ജോർജ്, ഐറിൻ പോൾ, മാത്യു വർഗീസ് (ബേബി), വനേസ മാത്യു എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ദേവാലയ സെക്രട്ടറി ലിജു കുര്യാക്കോസ്, ട്രഷറർ സന്തോഷ് കോരുത് എന്നിവരും സന്നിഹിതരായിരുന്നു.

ഇടവക വികാരി ഫാ.എബ്രഹാം (ഫിൽമോൻ) ഫിലിപ്പ് ഇടവക കമ്മിറ്റിയോടൊപ്പം കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു.

കോൺഫറൻസ് കോർ ടീമിനെയും കമ്മിറ്റി അംഗങ്ങളെയും ജെയ്സൺ തോമസ് സ്വാഗതം ചെയ്യുകയും പരിചയപ്പെടുത്തുകയും ചെയ്തു.

ആശ ജോർജ് ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താ വിഷയം, കോൺഫറൻസ് തീയതി, സമയം, സ്ഥലം, പ്രഭാഷകർ, രജിസ്ട്രേഷൻ നിരക്കുകളെക്കുറിച്ചുള്ള വിവരങ്ങൾ പങ്കു വെച്ചു.

ഡോ. തോമസ് മാർ അത്താനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ്ങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

മാത്യു വർഗീസ് റാഫിൾ പ്രോഗ്രാമിനെക്കുറിച്ചും സമ്മാനങ്ങളെക്കുറിച്ചും സംസാരിച്ചു. കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിനുള്ള സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം നൽകി.

ഐറിൻ പോൾ ഇടവകാംഗങ്ങളോട് സുവനീറിലേക്ക് ലേഖനങ്ങൾ അയക്കാൻ ആവശ്യപ്പെടുകയും, പരസ്യങ്ങൾക്കായുള്ള വിവിധ വ്യക്തിഗത, ബിസിനസ് നിരക്കുകളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

മുൻ വർഷങ്ങളിൽ കോൺഫറൻസിൽ പങ്കെടുത്തതിന്റെ അനുഭവങ്ങളെക്കുറിച്ച് പറഞ്ഞ വനേസ മാത്യു ഈ വർഷത്തെ കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവക അംഗങ്ങളേയും പ്രത്യേകിച്ചു ഇടവകയിലെ യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ജോഷ്വയുടെ സൈറ്റ് ആൻഡ് സൗണ്ട് ഷോ, വെബ്സൈറ്റ് എന്നിവയെക്കുറിച്ചു ജെയ്സൺ തോമസ് സംസാരിച്ചു.

ബ്രൂക്ലിൻ, ക്വീൻസ്, ലോംഗ് ഐലൻഡ് എന്നീ ചർച്ചുകളുടെ കൗൺസിലാണ് ഈ വർഷത്തെ കോൺഫറൻസിന്റെ ഗായകസംഘത്തെ നയിക്കുകയെന്നും, കോൺഫറൻസിനുള്ള ഗായകസംഘം ഫാ.ജോൺ തോമസിന്റെ നേതൃത്വത്തിൽ ആയിരിക്കുമെന്നും ജെയ്സൺ തോമസ് അറിയിക്കുകയും ഇടവകക്കാരെ ഗായകസംഘത്തിൽ ചേരാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ദേവാലയ വികാരി ഫാ. എബ്രഹാം (ഫിൽമോൻ) ഫിലിപ്പ് രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ അംഗങ്ങളെയും അച്ചൻ പ്രോത്സാഹിപ്പിക്കുകയും, കോൺഫറൻസ് ടീമിന്റെ സമർപ്പണത്തിനു നന്ദി പറയുകയും ചെയ്തു.

വോട്ട് ഓഫ് താങ്ക്സ് നൽകി ജെയ്സൺ തോമസ് സംസാരിച്ചു.

കൂടുതൽ വിവരങ്ങൾക്കായി

ഫാ. അലക്സ് കെ ജോയ് (കോൺഫറൻസ് കോർഡിനേറ്റർ): 973 489 6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി): 917 612 8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ): 917 5333566

## ഡാലസ് സോഷ്യൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ വടംവലി മഹോത്സവം ഒരുങ്ങുന്നു

**– മാർട്ടിൻ വിലങ്ങോലിൽ**

ഡാളസ്: ടെക്സാസിലെ കായിക പ്രേമികൾക്കായി ആവേശം നിറഞ്ഞ ഒരു വലിയ മത്സര വേദി വീണ്ടും ഒരുങ്ങുകയാണ്. ഡാലസ് സോഷ്യൽ ക്ലബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ടെക്സാസ് ടഗ് ഓഫ് വാർ ലീഗ് സീസൺ 2 മെയ് 9, 2026ന് ഗാർലൻഡ്, ടെക്സാസിലെ എംജിഎം ഓഡിറ്റോറിയത്തിൽ വെച്ച് നടക്കും.

സാമൂഹിക ഐക്യവും കായിക ആവേശവും കൂട്ടിയിണക്കുന്ന ഈ മഹത്തായ പരിപാടിയിലേക്ക് എല്ലാ കായികപ്രേമികളേയും കുടുംബങ്ങളെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നതായി ഡാലസ് സോഷ്യൽ ക്ലബ് സംഘാടകർ അറിയിച്ചു.

ഗാർലൻഡിലെ എം.ജി.എം ഓഡിറ്റോറിയം ആണ് മത്സരത്തിന് വേദിയാകുന്നത്. രാവിലെ 11:00 മണിക്ക് ആരംഭിച്ച് വൈകിട്ട് 6:00 മണി വരെ നീണ്ടുനിൽക്കുന്ന ഈ ലീഗിൽ ടെക്സാസിലെ വിവിധ ടീമുകൾ മാറ്റുരയ്ക്കും.

ഈ മത്സരം ടെക്സാസിലെ ടീമുകൾക്കായി മാത്രമായിട്ടാണ് ഒരുക്കിയിരിക്കുന്നത് എന്ന പ്രത്യേകതയുമുണ്ട്.


ഓരോ ടീമിനും അനുവദനീയമായ പ്രായപരിധി 13–25 ഐബിഎസ് + 10 ഐബിഎസ് വരെയാണ്.

പ്രസിഡന്റ് ജിനു കുടിലിൽ (3472412032), സെക്രട്ടറി കുട്ടൻ മൂപ്രപ്പള്ളിൽ (4054017933), കൺവീനർ സൈമൺ ചാമക്കാല (2143851015) എന്നിവരാണ് നേതൃത്വം നൽകുന്നത്. ടിജോ ചങ്ങങ്കരി (4693868698), പ്രതീഷ് ജോൺ വാഴകാട്ട് (2147635659) എന്നിവർ കോഓർഡിനേറ്റർമാരായും പ്രവർത്തിക്കുന്നു.

# 2026ലെ പുലിറ്റ്സർ പുരസ്കാര തിളക്കത്തിൽ ഇന്ത്യക്കാർ

**- പി പി ചെറിയാൻ**





ന്യൂയോർക്: 2026ലെ പുലിറ്റ്സർ പുരസ്കാര തിളക്കത്തിനൽ ഇന്ത്യക്കാർ. ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസ്റ്റ് സുപർണ ശർമയും ഇല്ലസ്ട്രേറ്റർ ആനന്ദ് ആർ.കെ.യും ഇല്ലസ്ട്രേറ്റഡ് റിപ്പോർട്ടിംഗ് ആൻഡ് കമന്ററി വിഭാഗത്തിൽ പുരസ്കാരം നേടി.

ബ്ലൂംബെർഗിന്റെ അന്വേഷണാത്മക പരമ്പരയ്ക്കാണ് പുരസ്കാരം ലഭിച്ചത്. ദക്ഷിണേഷ്യയിലെ സൈബർ തട്ടിപ്പ് ശൃംഖലകളെക്കുറിച്ചുള്ളതായിരുന്നു ഈ റിപ്പോർട്ട്.

ലഖ്നൗവിലെ ഒരു ഡോക്ടർക്ക് സൈബർ തട്ടിപ്പുവഴി 2.8 കോടി രൂപ നഷ്ടപ്പെട്ട ഞെട്ടിക്കുന്ന സംഭവം കേന്ദ്രീകരിച്ചാണ് സുപർണ ശർമ അന്വേഷണം നടത്തിയത്. ഈ സങ്കീർണ്ണമായ കേസിലെ ഗൂഢാലോചനകളും ഭീഷണികളും ചിത്രങ്ങളിലൂടെയും ഗ്രാഫിക്സിലൂടെയും ആവിഷ്കരിച്ചതിനാണ് മുംബൈ സ്വദേശി ആനന്ദ് ആർ.കെ. അവാർഡിന് അർഹനായത്. ഇതേ വിഭാഗത്തിൽ മലയാളി പത്രപ്രവർത്തകൻ ദേവ്ജ്യോത് ഘോഷാൽ ഫൈനലിസ്റ്റ് പട്ടികയിനൽ ഇടംപിടിച്ചു.

സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തുന്ന ആഗോള തട്ടിപ്പുകളെയും മനുഷ്യാവകാശ ലംഘനങ്ങളെയും പൊതുജനമധ്യത്തിൽ എത്തിച്ചതിനാണ് ഈ അവാർഡ്.

# ട്രംപ് ഭരണകൂടത്തിന്റെ കടുത്ത നടപടി: ആയിരക്കണക്കിന് കുടിയേറ്റ ട്രക്ക് ഡ്രൈവർമാർക്ക് ലൈസൻസ് നഷ്ടം

**- പ്രസാദ് തീയാടിക്കൽ**

വാഷിങ്ടണ്‍: അമേരിക്കയിൽ കുടിയേറ്റ പശ്ചാത്തലമുള്ള ട്രക്ക് ഡ്രൈവർമാരെ ബാധിക്കുന്ന പുതിയ കടുത്ത നടപടികളോടെ ആയിരക്കണക്കിന് ആളുകൾക്ക് അവരുടെ കമ്മർഷ്യൽ ഡ്രൈവർ ലൈസൻസുകൾ നഷ്ടപ്പെടുന്ന സാഹചര്യം രൂപപ്പെട്ടതായി റിപ്പോർട്ടുകൾ. ട്രംപ് അഡ്മിനിസ്ട്രേഷൻ നടപ്പിലാക്കിയ പുതിയ നയങ്ങളാണ് ഈ പ്രശ്നത്തിന് കാരണമായത്.

അമേരിക്കയിലെ ട്രക്കിംഗ് മേഖലയിലേക്ക് പ്രധാന സംഭാവന നൽകുന്ന കുടിയേറ്റ തൊഴിലാളികൾക്കാണ് ഈ നടപടികൾ വലിയ തിരിച്ചടിയായിരിക്കുന്നത്. ഏകദേശം 2 ലക്ഷം (200,000) വരെ കുടിയേറ്റ ട്രക്ക് ഡ്രൈവർമാർക്ക് അവരുടെ ലൈസൻസ് പുതുക്കാൻ കഴിയാതെ പോകുകയോ നിലവിലുള്ള ലൈസൻസുകൾ കാലാവധി കഴിഞ്ഞതോടെ നഷ്ടപ്പെടുകയോ ചെയ്യുന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

ഈ നടപടികൾ റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനാണെന്ന് സർക്കാർ വാദിക്കുന്നു. വിദേശത്ത് നിന്നുള്ള ഡ്രൈവർമാരുടെ ഡ്രൈവിംഗ് ചരിത്രം പരിശോധിക്കാൻ ബുദ്ധിമുട്ടുണ്ടെന്നും ചില അപകടങ്ങൾ ഇതിന് പിന്നിലുണ്ടെന്നും അധികൃതർ പറയുന്നു.

# കേരള ജനതയെ അഭിനന്ദിച്ചു അമേരിക്കൻ മലയാളി വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ് എബി തോമസ്

**- ജോ ചെറുകര**

ഡാളസ്: കഴിഞ്ഞ പത്തു വർഷത്തെ ഭരണം കൃത്യമായി വിലയിരുത്തിയാണ് കേരളത്തിലെ ജനങ്ങൾ ഭരണ മാറ്റം ആഗ്രഹിച്ചതെന്ന് അമേരിക്കൻ മലയാളി വെൽഫെയർ അസോസിയേഷൻ പ്രസിഡണ്ട് എബി തോമസ് അഭിപ്രായപ്പെട്ടു.

ജനങ്ങൾ വോട്ടിങ്ങിലൂടെ അർപ്പിച്ച വിശ്വാസം കാത്തു സൂക്ഷിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട നിയമസഭ പ്രതിനിധികൾക്ക് കഴിയണമെന്ന് ഉദ്ബോധിപ്പിച്ചു.

ജന വികാരം വൃണപ്പെടുത്തിയതിലുള്ള അസംതൃപ്തിയുടെ പ്രതിഫലനമായിരുന്നു എൽ ഡി എഫിന്റെ തകർച്ചയുടെ കാരണം എന്ന് അവർ മനസ്സിലാക്കണമെന്നു തോമസ് അഭിപ്രായപ്പെട്ടു. സത്യസന്ധവും, നീതിപൂർവമായും ജനങ്ങളെ സേവിക്കുവാൻ തെരഞ്ഞടുക്കപ്പെട്ട പ്രതിനിധികൾക്കു സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നതോടൊപ്പം, യുഡിഎഫിനെ തെരഞ്ഞടുത്ത കേരളത്തിലെ ജനതയ്ക്ക് അമേരിക്കൻ മലയാളി വെൽഫെയർ അസോസിയേഷന്റെ അഭിനന്ദനങ്ങൾ നേരുന്നതായും എബി തോമസ് അറിയിച്ചു.

# ഒരു ചാപ്പൽ ഓർമ്മക്കൂടാരമായി ഒരുക്കി ക്രിസ്തുരാജ ക്നാനായ കത്തോലിക്ക പള്ളി ഇടവക കുട്ടികൾ



ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്ക പള്ളി ഇടവകയിലെ കുഞ്ഞുങ്ങൾ തങ്ങളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന്റെ ദിനത്തിന്റെ ഓർമ്മയ്ക്കായ് പരി. അമ്മയുടെ നാമത്തിൽ ഒരു ചാപ്പൽ പുനർ നിർമ്മിച്ചു നൽകി. ഒരുവർഷത്തെ ഒരുക്കങ്ങൾക്കും പ്രാർത്ഥനകൾക്കും ശേഷം നടത്തപ്പെട്ട ദിവ്യകാരുണ്യസ്വീകരണത്തിന് ചിക്കാഗോ രൂപത ബിഷപ്പ് മാർ ജോയി ആലപ്പാട്ട് സന്ദേശം നൽകി.

അതിനു ശേഷം കുട്ടികളുടെ സാന്നിധ്യത്തിൽ ഈ വർഷത്തെ വിശുദ്ധ കുർബാന സ്വീകരണത്തിന്റെ ഓർമ്മയ്ക്കായി റീമോഡലിംങ് പൂർത്തിയാക്കിയ ചാപ്പൽ മാർ ജോയി ആലപ്പാട്ട് വെഞ്ചരിച്ച് പരി. അമ്മയ്ക്ക് സമർപ്പിച്ചു. കുട്ടികൾ അവരുടെ മാതാപിതാക്കളുടെ സഹകരണത്തോടെയാണ് ചാപ്പൽ കൂടുതൽ മനോഹരമാക്കി മാറ്റിയത്. ഏവർക്കും ഒരു വലിയ മാതൃകയുടെയും കൃപാഭിഷേകത്തിന്റെ മുഹൂർത്തമായിരുന്നു അത്.

ലിയാ മാടപറമ്പത്ത്, നേത്തൻ മാടപറമ്പത്ത്, നീയ തടത്തിൽ, മിലാഹ് എട്ടുപറയിൽ, അലക്സീസ് ചെമ്മാച്ചേൽ , നീവാഹ് വിരുത്തിക്കുളങ്ങര, ക്ളെയർ അരിച്ചിറ, നീയൽ ചെമ്മാച്ചേൽ, കാതറിൻ സ്രാമ്പിച്ചിറ, എലിയറ്റ് മുടിക്കുന്നേൽ, സഞ്ചന കാവിൽ, ജോഷ്വാ പുത്തൻപറവിൽ, ജോഷ്വാ ഏലൂർ, ജോർജ് കാരത്തുരുത്തേൽ, ജറമിയ ഓളിയിൽ, ഫെലിക്സ് കോയിത്തറ, അഷേർ തകടിയേൽ, ജെസിക്ക അറയ്ക്കപറമ്പിൽ, സെയിറ കുടിലിൽ, എയ്ഡൻ പൗവ്വത്തേൽ, ആഡ്രൂ പച്ചിക്കര, മിലൻ വിരുത്തിക്കുളങ്ങര, ജെമി കുഴിപ്പിൽ, ഗ്രയിസ് അത്തിമറ്റത്തിൽ, നിയ വിശാഖന്തറ, ജോഷ്യാ കണ്ടത്തിൽ, ബെഞ്ചമിൻ പയ്യമ്പള്ളിൽ, മലിയ ചേന്നക്കാട്ട്, സെറീന ചാമക്കാല എന്നീ കുട്ടികളുടെ മാതാപിതാക്കൾ ഇതിൽ പങ്കുകാരായി. കുട്ടികളുടെ മാതാപിതാക്കളുടെ നേതൃത്വത്തിൽ വിവിധ പ്രോഗ്രാമുകൾ നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നും അനേകർ സാക്ഷ്യം വഹിക്കാൻ എത്തിയിരുന്നു. മക്കളുടെ ദിവ്യകാരുണ്യ സ്വീകരണ ഓർമ്മയ്ക്കായി വ്യത്യസ്ഥമായി ഒരു ഓർമ്മക്കൂടാരം ഒരുക്കാൻ മനസ്സ് കാണിച്ച മാതാപിതാക്കളെ ഏവരും അഭിനന്ദിച്ചു.

# കേരളത്തിലെ യു. ഡി. എഫ് വിജയം: ഐ. ഒ. സി ഡാലസ് കേരള ചാപ്റ്റർ വിജയാഘോഷം സംഘടിപ്പിച്ചു



**- ബാബു പി സൈമൺ**

ഡാലസ്: കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ യുണൈറ്റഡ് ഡെമോക്രാറ്റിക് ഫ്രണ്ട് നേടിയ ചരിത്ര വിജയത്തിന്റെ ആഹ്ലാദത്തിൽ ഡാലസിലെ പ്രവാസി മലയാളി സമൂഹം. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഡി.എഫ്.ഡബ്ല്യു കേരള ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ മെയ് 8ന്ഇന്ത്യ പാലസ്ഹോട്ടലിൽ വെച്ച് വിപുലമായ വിജയാഘോഷ സംഗമം സംഘടിപ്പിച്ചു. ഐ.ഒ.സി കേരള ചാപ്റ്റർ അംഗങ്ങൾക്കൊപ്പം സൗത്ത് വെസ്റ്റ് റീജിയണിലെ വിവിധ ചാപ്റ്റർ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.

ഐ.ഒ.സി കേരള ചാപ്റ്റർ ചെയർമാൻ സാക്ക് തോമസ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. മുഖ്യാതിഥിയായി പങ്കെടുത്ത ഐ.ഒ.സി സൗത്ത് വെസ്റ്റ് റീജിയൺ പ്രസിഡന്റ് ഗുരദേവ് ഹെയറെ അദ്ദേഹം സദസ്സിന് പരിചയപ്പെടുത്തുകയും പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

യു.ഡി.എഫിന്റെ വിജയം കേരളത്തിന്റെ ഉയിർത്തെഴുന്നേൽപ്പാണെന്ന് ഗുരദേവ് ഹെയർ അഭിപ്രായപ്പെട്ടു. സത്യസന്ധമായ രാഷ്ട്രീയത്തിനുള്ള അംഗീകാരമാണിതെന്നും കോൺഗ്രസ് പ്രസ്ഥാനത്തിന്റെ വേരുകൾ കേരളത്തിൽ എത്രത്തോളം ആഴത്തിലുള്ളതാണെന്ന് ഈ ഫലം തെളിയിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഐ.ഒ.സി കേരള ചാപ്റ്റർ പ്രസിഡന്റ് മാത്യു നൈനാൻ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. ഭരണവിരുദ്ധ വികാരത്തിനപ്പുറം വികസനത്തിനും സമാധാനത്തിനുമാണ് കേരളത്തിലെ ജനങ്ങൾ വോട്ട് ചെയ്തതെന്ന് അദ്ദേഹം പറഞ്ഞു. ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ കേരളം എടുത്ത തീരുമാനം വരും തലമുറയ്ക്ക് കരുത്താകുമെന്നും അദ്ദേഹം വ്യക്തമാക്കി.

ജനറൽ സെക്രട്ടറി അഞ്ജു ബിജിലി,സ്ത്രീകളുടെയും സാധാരണക്കാരുടെയും വലിയ പിന്തുണയാണ് യു.ഡി.എഫിനെ അധികാരത്തിലേറ്റിയതെന്നും ഇത് ജനകീയ രാഷ്ട്രീയത്തിന്റെ വിജയമാണെന്നും പറഞ്ഞു.

വൈസ് പ്രസിഡന്റ് ജോജി വർഗീസ്, കേരളം ആഗ്രഹിച്ച മാറ്റം യാഥാർത്ഥ്യമായെന്നും പ്രവാസികളുടെ ക്ഷേമത്തിനായി പുതിയ സർക്കാർ പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുമെന്ന് ഉറപ്പുണ്ടെന്നും പ്രത്യാശിച്ചു.

യു.ഡി.എഫ് നേതൃത്വത്തിന്റെ ഐക്യവുമാണ് ഈ മഹത്തായ വിജയത്തിന് പിന്നിലെന്ന് ബിനോയ് ഫിലിപ്പ് (ട്രഷറർ), ജോഫി ജേക്കബ് (യൂത്ത് പ്രസിഡന്റ്), വെസ്‌ലി മാത്യു (എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം), എബ്രഹാം മാത്യു (രാജൻ), സാം ഡേവിഡ് എന്നിവർ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. അഴിമതിയില്ലാത്തതും സാമ്പത്തിക അച്ചടക്കമുള്ളതുമായ ഒരു പുതിയ കേരളം കെട്ടിപ്പടുക്കാൻ ഈ ഭരണം പ്രത്യാശ നൽകുന്നുവെന്നും അവർ കൂട്ടിച്ചേർത്തു.

## പുതിയ സർജൻ ജനറലായി ഡോ. നിക്കോൾ സാഫിയറെ ട്രംപ് നാമനിർദ്ദേശം ചെയ്തു




വാഷിംഗ്ടൺ ഡി സി: ഡൊണാൾഡ് ട്രംപ് തന്റെ പുതിയ സർജൻ ജനറലായി ഡോ. നിക്കോൾ സാഫിയറെ നാമനിർദ്ദേശം ചെയ്തു. ഡോ. കേസി മീൻസിന് സെനറ്റിൽ ആവശ്യമായ പിന്തുണ ലഭിക്കാതെ വന്നതിനെത്തുടർന്നാണ് സാഫിയറെ തിരഞ്ഞെടുത്തത്.

റേഡിയോളജിസ്റ്റായ സാഫിയർ മുൻപ് ഫോക്സ് ന്യൂസ് ചാനലിൽ ആരോഗ്യ വിദഗ്ധയായി പ്രവർത്തിച്ചിട്ടുണ്ട്.

റോബർട്ട് എഫ്. കെന്നഡി ജൂനിയറിന്റെ മേക്ക് അമേരിക്ക ഹെൽത്തി എഗെയ്ൻപദ്ധതിയെ ഇവർ പിന്തുണയ്ക്കുന്നുണ്ടെങ്കിലും, വാക്സിനേഷന്റെ കാര്യത്തിൽ കെന്നഡിയേക്കാൾ അനുകൂല നിലപാടാണ് സ്വീകരിക്കുന്നത്.


ട്രംപ് ഭരണകൂടത്തിന്റെ മുൻകാല ആരോഗ്യ നയങ്ങളിലെ പാകപ്പിഴകളെ ഇവർ പലതവണ പരസ്യമായി വിമർശിച്ചിട്ടുണ്ട്. ചില റിപ്പോർട്ടുകളിലെ പിഴവുകളെ നാണക്കേട്എന്നാണ് ഇവർ വിശേഷിപ്പിച്ചത്.

അമേരിക്കൻ കോളേജ് ഓഫ് റേഡിയോളജി ഉൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങൾ സാഫിയറുടെ നാമനിർദ്ദേശത്തെ സ്വാഗതം ചെയ്തിട്ടുണ്ട്.

സെനറ്റ് ഈ നിയമനം സ്ഥിരീകരിക്കുകയാണെങ്കിൽ, അമേരിക്കയിലെ പൊതുജനാരോഗ്യ ഭീഷണികളെക്കുറിച്ച് മുന്നറിയിപ്പ് നൽകാനും ബോധവൽക്കരണം നടത്താനും സാഫിയർക്ക് അധികാരമുണ്ടാകും.

## നോർത്ത് അമേരിക്കൻ മാർത്തോമാ ഭദ്രാസനം 18–ാമത് സന്നദ്ധ സുവിശേഷ സംഘം കോൺഫറൻസ്: രജിസ്ട്രേഷനു തുടക്കം

**– അലക്സ് കോശി**

ഡാളസ്: സന്നദ്ധ സുവിശേഷ സംഘം നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ പതിനെട്ടാമത് കോൺഫറൻസിനുള്ള ഒരുക്കങ്ങൾ ഡാളസിൽ പുരോഗമിക്കുന്നു. ഓഗസ്റ്റ് 20 മുതൽ 23 വരെ നടക്കുന്ന ഈസംഗമത്തിന് ആതിഥേയത്വം വഹിക്കുന്നത് സന്നദ്ധ സുവിശേഷ സംഘം ഡാളസ് സെന്റർ എ ആണ്.

ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ ഇവന്റ് സെന്ററാണ് കോൺഫറൻസിന് വേദിയാകുന്നത്.

നോർത്ത് അമേരിക്കൻ ഭദ്രാസന എപ്പിസ്കോപ്പ റൈറ്റ് റവ. ഡോ. എബ്രഹാം മാർ പൗലോസ്, വചന പ്രഘോഷകൻ റവ.മോത്തി വർക്കി എന്നിവരാണ് മുഖ്യ പ്രഭാഷകർ.

സെന്റർ എ പ്രസിഡന്റ് റവ. എബ്രഹാം വി. സാംസൺ, ജനറൽ കൺവീനർ ഷാജി എസ്. രാമപുരം എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

റവ.ജസ്വിൻ ജോൺ (ചെയർമാൻ), ജേക്കബ് മത്തായി (കൺവീനർ) എന്നിവരുടെ നേതൃത്വത്തിൽ രജിസ്ട്രേഷൻ ഫോം, വെബ്സൈറ്റ്, ബ്രോഷർ എന്നിവയുടെ പ്രകാശനം ഇതിനോടകം പൂർത്തിയായി.

ഭദ്രാസന സെക്രട്ടറിയും പ്രശസ്ത സംഗീതജ്ഞനുമായ ജോർജ് വർഗീസിന്റെ നേതൃത്വത്തിൽ വിപുലമായ ഗായകസംഗം രൂപീകരണ നടപടികൾ പുരോഗമിക്കുന്നു.

ഭദ്രാസനത്തിലെ എല്ലാ ഇടവകാംഗങ്ങളും ഒത്തൊരുമിച്ച് ഈ കോൺഫറൻസ് വൻ വിജയമാക്കണമെന്ന് അഭിവന്ദ്യ എബ്രഹാം മാർ പൗലോസ് തിരുമേനി ആഹ്വാനം ചെയ്തു.

**World Metrology Day** - May 20

List of important days in May 2026 International: World Metrology Day is celebrated on May 20 annually. The Theme of World Metrology Day 2026 will be updated later. This day is observed to raise the importance of Metrology. Metrology Day is prompted by the Measurements Standards Laboratory(MSL).

## ഫോമാ സെൻട്രൽ റീജിയൻ കലാമേള വിജയകരമായി



ചിക്കാഗോ : ഫോമാ സെൻട്രൽ റീജിയന്റെ നേതൃത്വത്തിലുള്ള കലാമേള ഡെസ്പ്ലെയിൻസിലുള്ള ഓക്ടൺ കമ്മ്യൂണിറ്റി സെന്ററിൽ നടന്നു.

ഏപ്രിൽ 26 ഞായറാഴ്ച രാവിലെ 11ന് ഫോമാ സെൻട്രൽ റീജിയൻ ആർവിപി ജോൺസൻ കണ്ണൂക്കാടൻ, സെക്രട്ടറി അച്ചന് കുഞ്ഞു മാത്യു, കലാമേള ചെയർപേഴ്സൺ സാറ അനിൽ, കോ ചെയർസ് ഷൈനി ഹരിദാസ്, ബിജു മുണ്ടക്കൽ, മറ്റു ഭാരവാഹികൾ എന്നിവർ ചേർന്ന് വിളക്ക് കൊളുത്തി കലാമേള ഉദ്ഘാടനം ചെയ്തു.

ഒരേ സമയം മൂന്ന് വേദികളിലായി നടന്ന മത്സരങ്ങളിൽ വിവിധ ഇനങ്ങളിലായി മുന്നൂറിൽപരം കുട്ടികൾ പങ്കെടുത്തു.

2026 ഫോമാ കലാമേള കലാപ്രതിഭയായി റെയ്നവ് വരുണും കലാതിലകങ്ങളായി ശ്ലോക നമ്പ്യാരും ജിയന്ന ചിറയിലും അഞ്ജലി ആൻ മാത്യൂസും തെരഞ്ഞെടുക്കപ്പെട്ടു. സബ് ജൂനിയർ റൈസിംഗ് സ്റ്റാർ ആയി എലൈൻ റോണിയും ജൂനിയർ റൈസിംഗ് സ്റ്റാർസ് ആയി ഇസബെൽ റോസ് വടകരയും സാരംഗി ആചാരിയും സീനിയർ റൈസിംഗ് സ്റ്റാർസ് ആയി ജെയ്ഡൻ ജോസ്, എലനോർ തോമസ്, അലൈന മെറിൻ ജോൺ, അഭിനന്ദ കൃഷ്ണ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. മുതിർന്നവർക്ക് വേണ്ടി നടത്തപ്പെട്ട വി ഗോഡ് ടാലെന്റ് മത്സരത്തിൽ മേഘ ചിറയിൽ, അഞ്ജലി ടിഷി തോമസ് എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.

കലാമേളയ്ക്ക് ജോൺസൻ കണ്ണൂക്കാടൻ, ജോർജ് മാത്യു, ജോൺ പാട്ടപതി, പീറ്റർ കുളങ്ങര,ഫോർമെർ വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം, റീജിയണൽ ചെയർമാൻ ആന്റോ കവലക്കൽ, രാജൻ തലവടി, റീജിയണൽ കോഓർഡിനേറ്റർ സാബു കട്ടപ്പുറം, ഡോ. ജീൻ പുത്തൻപുരക്കൽ, റോസ് വടകര, ആഗ്നസ് മാത്യു, രഞ്ജൻ എബ്രഹാം, ടോമി മേത്തിപ്പാറ, ആൽവിൻ ഷിക്കോർ, വിഷ്ണു സോമരാജൻ, ഷാനി എബ്രഹാം, നീന സണ്ണി, ജോജോ വെങ്ങാന്തറ, ഷിബു അഗസ്റ്റിനെ, കാൽവിൻ കവലക്കൽ, ഡയാന സ്കറിയ, പ്രിൻസ് ഈപ്പൻ, ആഷ്‌ലി ജോർജ്, മനോജ് അച്ചേട്ട്, ബീന കണ്ണൂക്കാടൻ ജോയ്സ് ചെറിയാൻ, ബീന ജോർജ്, ബിജോയ് മാത്യു, ഡെൽസി മാത്യു, നിമ്മി കണ്ണൂക്കാടൻ എന്നിവർ നേതൃത്വം നൽകി.

കലാമേള വിജയകരമായി നടത്തുവാൻ സഹകരിച്ച എല്ലാവർക്കും ഫോമാ സെൻട്രൽ റീജിയനുവേണ്ടി ജോൺസൻ കണ്ണൂക്കാടൻ, കലാമേള ചെയർപേഴ്സൺ സാറ അനിൽ, കോ ചെയർസ് ഷൈനി ഹരിദാസ്, ബിജു മുണ്ടക്കൽ എന്നിവർ നന്ദി രേഖപ്പെടുത്തി.

## നേഴ്സ് ഓഫ് ദി ഇയർ അവാർഡിന് ദീപ ഫ്രാൻസിസ് അർഹയായി



ഡാളസ്: നേഴ്സുമാരുടെ മികച്ച സേവനങ്ങളെ ആദരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ അമേരിക്കൻ നേഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് ഏർപ്പെടുത്തിട്ടുള്ള ഈ വർഷത്തെ നേഴ്സ് ഓഫ് ദി ഇയർ അവാർഡ് ഡാളസിലെ പ്രമുഖ ഗായികയും, കലാ പ്രവർത്തകയുമായ ദീപ ഫ്രാൻസിസ് ഏറ്റുവാങ്ങി. യു. റ്റി സൗത്ത് വെസ്റ്റേൺ ഹോസ്പിറ്റലിൽ പോസ്റ്റ് അനസ്തേഷ്യ കെയർ യൂണിറ്റ്, ന്യൂറോ സ്പെഷ്യലൈസ്ഡ് ഐ സി യുവിലുമായി ആതുര പരിചരണ രംഗത്തു നല്ല പരിചയവുമുള്ള ദീപ ഫ്രാൻസിസ്, ഡാളസിലെ കലാ സാംസ്കാരിക രംഗത്തെ നിറസാന്നിധ്യവുമാണ്. രോഗീപരിചരണത്തോടൊപ്പം തന്നെ കലാ സാംസ്കാരിക പ്രവർത്തനത്തിൽ അവർക്കുള്ള പ്രതിബദ്ധത തികച്ചും പ്രശംസനീയമാണ്.

## ക്രൈസ്തവ ടെലിവിഷൻ ലോകത്തെ സ്വാധീനിച്ച മാധ്യമ പ്രവർത്തക ജോണി ലാംബിന് വിട

**– പ്രസാദ് തീയാടിക്കൽ**

ടെക്സസ്: അമേരിക്കൻ ക്രൈസ്തവ ടെലിവിഷൻ രംഗത്തെ ശ്രദ്ധേയയായ ജോണി ലാംബ് (65) അന്തരിച്ചു.

1980കളിൽ ഭർത്താവായ മാർക്കസ് ലാംബിനൊപ്പം ക്രൈസ്തവ ടെലിവിഷൻ ശുശ്രൂഷയായി ആരംഭിച്ച പ്രവർത്തനം പിന്നീട് ലോകത്തിലെ ഏറ്റവും വലിയ ക്രൈസ്തവ ടെലിവിഷൻ ശൃംഖലകളിലൊന്നായ ഡേസ്റ്റാർ ടെലിവിഷൻ ആയി വളർന്നു. ലോകമെമ്പാടുമുള്ള കോടിക്കണക്കിന് പ്രേക്ഷകരിലേക്ക് സുവിശേഷ സന്ദേശം എത്തിക്കുന്നതിൽ ജോണി ലാംബ് നിർണായക പങ്കുവഹിച്ചു. ജോണി ടേബിൾ ടോക്സ്, മിനിസ്ട്രി നൗ തുടങ്ങിയ ടെലിവിഷൻ പരിപാടികളിലൂടെ അവർ ക്രൈസ്തവ കുടുംബങ്ങളിൽ സുപരിചിതയായി മാറി. വിശ്വാസം, കുടുംബജീവിതം, ആത്മീയത, സാമൂഹിക വിഷയങ്ങൾ തുടങ്ങിയവ ചർച്ച ചെയ്തിരുന്ന അവരുടെ അവതരണശൈലി നിരവധി പ്രേക്ഷകരെ സ്വാധീനിച്ചിരുന്നു. 2004ൽ അവരുടെ ടോക്ക് ഷോ മികച്ച മതപരമായ ടെലിവിഷൻ പരിപാടിക്കുള്ള അംഗീകാരവും നേടിയിരുന്നു.

## ദുരിതാശ്വാസ സഹായം പ്രസിഡന്റ് ട്രംപ് തടയുന്നതിനെതിരെ രാജ കൃഷ്ണമൂർത്തിയുടെ നേതൃത്വത്തിൽ പുതിയ നിയമനിർമ്മാണം

- പി പി ചെറിയാൻ



വാഷിംഗ്ടൺ ഡിസി: ഡെമോക്രാറ്റിക് സംസ്ഥാനങ്ങൾക്കുള്ള ദുരിതാശ്വാസ സഹായം പ്രസിഡന്റ് ട്രംപ് തടയുന്നതിനെതിരെ യുഎസ് കോൺഗ്രസ് അംഗം രാജ കൃഷ്ണമൂർത്തിയുടെ നേതൃത്വത്തിൽ പുതിയ നിയമനിർമ്മാണം ആരംഭിച്ചു.

രാഷ്ട്രീയ വിവേചനം ഒഴിവാക്കി ദുരിതാശ്വാസ സഹായം ഉറപ്പാക്കുകയാണ് ഈ ബില്ലിന്റെ ലക്ഷ്യം. പ്രസിഡന്റ് ഫെഡറൽ ദുരിതാശ്വാസ സഹായം നിഷേധിച്ചാൽ, അത് മറികടക്കാൻ കോൺഗ്രസിന് അധികാരം നൽകുന്ന നിയമമാണ് അവതരിപ്പിച്ചത്.

റിപ്പോർട്ടുകൾ പ്രകാരം റിപ്പബ്ലിക്കൻ സംസ്ഥാനങ്ങളുടെ അപേക്ഷകളിൽ 89% അംഗീകരിക്കപ്പെട്ടപ്പോൾ, ഡെമോക്രാറ്റിക് സംസ്ഥാനങ്ങളുടേത് 23% മാത്രമാണ് അംഗീകരിക്കപ്പെട്ടത്.

ഇലിനോയിസ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ പ്രളയബാധിതർക്ക് സഹായം നിഷേധിച്ചത് പുനർനിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചുവെന്നും, ദുരന്ത നിവാരണം രാഷ്ട്രീയത്തിന് അതീതമായിരിക്കണമെന്നും രാജ കൃഷ്ണമൂർത്തി പറഞ്ഞു. സഹായം നിഷേധിച്ചാൽ 24 മണിക്കൂറിനുള്ളിൽ പ്രസിഡന്റ് കോൺഗ്രസിന് രേഖാമൂലം വിശദീകരണം നൽകണം. കൂടാതെ, വോട്ടെടുപ്പിലൂടെ സഹായം അനുവദിക്കാൻ പാർലമെന്റിന് വേഗത്തിലുള്ള നടപടികൾ സ്വീകരിക്കാം.

കൊളറാഡോയിൽ നിന്നുള്ള സെനറ്റർമാരും മറ്റ് ജനപ്രതിനിധികളും ബില്ലിനെ പിന്തുണച്ചു. രാഷ്ട്രീയ പകപോക്കലുകൾക്ക് ദുരന്തബാധിതർ ഇരയാകരുതെന്ന് അവർ വ്യക്തമാക്കി.

## ഗാർലൻഡ് ഇരട്ടക്കൊലപാതകം: ടെക്സസിൽ പ്രതിയുടെ വധശിക്ഷ നടപ്പിലാക്കി

ടെക്സസ്: 2008ൽ ഗാർലൻഡിൽ രണ്ട് യുവാക്കളെ വെടിവെച്ചു കൊലപ്പെടുത്തിയ കേസിൽ ശിക്ഷിക്കപ്പെട്ട ജെയിംസ് ബ്രോഡ്നാക്സിന്റെ (37) വധശിക്ഷ നടപ്പിലാക്കി. ഏപ്രിൽ 30 വ്യാഴാഴ്ച രാത്രി ഹണ്ട്സ്വിൽ ജയിലിൽ മാരകമായ വിഷമിശ്രിതം കുത്തിവെച്ചായിരുന്നു ശിക്ഷ നടപ്പാക്കിയത്. രാത്രി 6:47ന് അദ്ദേഹം അന്തരിച്ചതായി അധികൃതർ സ്ഥിരീകരിച്ചു.

2008 ജൂൺ 19ന് ഗാർലൻഡിലെ ഒരു റെക്കോർഡിംഗ് സ്റ്റുഡിയോയ്ക്ക് പുറത്തുവെച്ച് മാത്യു ബട്ട്ലർ, സ്റ്റീഫൻ സ്വാൻ എന്നിവരെ കൊള്ളയടിക്കാനുള്ള ശ്രമത്തിനിടെ വെടിവെച്ചു കൊന്നുവെന്നതാണ് കേസ്.

അറസ്റ്റിലായ സമയത്ത് താനാണ് കൊലപാതകം നടത്തിയതെന്ന് ബ്രോഡ്നാക്സ് മാധ്യമങ്ങൾക്ക് മുന്നിൽ വെളിപ്പെടുത്തിയിരുന്നു. അന്ന് ഇരകളുടെ കുടുംബങ്ങളോട് യാതൊരു അനുതാപവും അദ്ദേഹം പ്രകടിപ്പിച്ചിരുന്നില്ല.

വധശിക്ഷയ്ക്ക് തൊട്ടുമുൻപുള്ള ദിവസങ്ങളിൽ കേസിൽ വലിയ നാടകീയതകൾ അരങ്ങേറി.

കൊലപാതകം നടത്തിയത് ബ്രോഡ്നാക്സ് അല്ലെന്നും താനാണെന്നും വെളിപ്പെടുത്തി അദ്ദേഹത്തിന്റെ കസിൻ ഡെമാരിയസ് കമ്മിംഗ്സ് രംഗത്തെത്തി.

കൊലയ്ക്കുപയോഗിച്ച തോക്കിലും ഇരകളുടെ വസ്ത്രങ്ങളിലും കമ്മിംഗ്സിന്റെ ഡിഎൻഎ ആണ് കണ്ടെത്തിയതെന്നും ബ്രോഡ്നാക്സിന്റേതല്ലെന്നും പ്രതിഭാഗം അഭിഭാഷകർ വാദിച്ചു.

ജൂറി തെരഞ്ഞെടുപ്പിൽ വംശീയ വിവേചനം നടന്നതായും ബ്രോഡ്നാക്സിന്റെ അഭിഭാഷകർ ആരോപിച്ചു. എങ്കിലും, മുൻപ് നടത്തിയ കുറ്റസമ്മതവും മറ്റ് തെളിവുകളും കണക്കിലെടുത്ത് സുപ്രീം കോടതിയും ടെക്സസ് അപ്പീൽ കോടതിയും വധശിക്ഷ തടയാൻ വിസമ്മതിച്ചു.

മരണത്തിന് മുൻപുള്ള തന്റെ അവസാന പ്രസ്താവനയിൽ താൻ നിരപരാധിയാണെന്ന് ബ്രോഡ്നാക്സ് ആവർത്തിച്ചു. 'ഞാൻ നിരപരാധിയാണ്, ടെക്സസിന് തെറ്റുപറ്റി. എന്റെ കേസിലെ വസ്തുതകൾ അത് തെളിയിക്കും,' അദ്ദേഹം പറഞ്ഞു. 17 വർഷത്തിലേറെ ജയിൽ ശിക്ഷ അനുഭവിച്ച ബ്രോഡ്നാക്സ്, ശിക്ഷ നടപ്പാക്കുന്നതിന് രണ്ടാഴ്ച മുൻപ് മാത്രമാണ് വിവാഹിതനായത്.

## ഐസിഇസിഎച്ച് റവ. ജീവൻ ജോണിന് യാത്രയയപ്പ് നൽകി



- ജീമോൻ റാന്നി

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റന്റെ ആഭിമുഖ്യത്തിൽ ഹൂസ്റ്റണിൽ 3 വർഷത്തെ ശുശ്രൂഷകൾക്കു ശേഷം ചെന്നൈ ആവഡി സെന്റ് ആൻഡ്രൂസ് മാർത്തോമാ ഇടവക വികാരിയായി സ്ഥലം മാറിപ്പോകുന്ന ട്രിനിറ്റി മാർത്തോമാ ഇടവക അസി.വികാരി റവ. ജീവൻ ജോണിനും കുടുംബത്തിനും സമുചിതമായ യാത്രയയപ്പു നൽകി.

ഏപ്രിൽ 25ന് ശനിയാഴ്ച വൈകുന്നേരം സ്റ്റാഫ്ഫോർഡ് മാർത്തോമാ പാഴ്സനേജിൽ വച്ച് നടന്ന പ്രത്യേക സമ്മേളനത്തിൽ എക്യൂമെനിക്കൽ കമ്മ്യൂണിറ്റിയുടെ സ്നേഹോപഹാരം സമർപ്പിച്ചു. ജീവൻ അച്ചൻ രണ്ടു വർഷക്കാലം സ്പോർട്സ് കൺവീനർ ആയും ബൈബിൾ ക്വിസ് മാസ്റ്ററായും സേവനമനുഷ്ഠിച്ചു.

പ്രസിഡണ്ട് റവ.ഫാ. ഡോ. ഐസക് പ്രകാശ്, സെക്രട്ടറി ഷാജൻ ജോർജ്, ട്രഷറർ രാജൻ അങ്ങാടിയിൽ, പിആർഓ ജീമോൻ റാന്നി, ഷീനാ പുന്നൂസ് തുടങ്ങിയവർ ജീവൻ അച്ചനും കുടുംബത്തിനും യാത്രാമംഗളങ്ങൾ നേർന്നു കൊണ്ട് സംസാരിച്ചു.

റവ. ജീവൻ ജോണും മെർലി കൊച്ചമ്മയും ഹൂസ്റ്റണിലെ തങ്ങളുടെ നല്ല അനുഭവങ്ങൾ പങ്കു വച്ചുകൊണ്ടു മറുപടി പ്രസംഗങ്ങൾ നടത്തി.

## ഇന്ത്യൻ അമേരിക്കൻ നേഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് നേഴ്സസ് ഡേ



ഡാളസ്: ഇന്ത്യൻ അമേരിക്കൻ നേഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് (ഐനന്റ്) നേഴ്സ് ഡേ ആഘോഷിച്ചു.

ഗാർലൻഡ് ബ്രോഡ് വേയിലെ ഐസിഇസി ഹാളിൽ വെച്ചു നടന്ന ഗംഭീരമായ പരിപാടിയിൽ ഫൗണ്ടർ അംഗമായ ആൻ വർഗീസ് മുഖ്യാതിഥിയായിരുന്നു. നടന്നു വന്ന പാതയെക്കുറിച്ച് ചിന്തിക്കുകയും ആ ചിന്തയിലൂടെ നഴ്സിംഗ് സേവന രംഗത്തെ നിർണായകമായ ആശയ ഘട്ടത്തിലേക്കു കൊണ്ടുവരുവാനും കരുണയോടുകൂടിയ പരിചരണം മുഖ്യ ലക്ഷ്യമായി കാണാനും, തളർന്നിരിക്കാതെ കടന്നു ചെല്ലണമെന്നും ആൻ വർഗീസ് പറഞ്ഞു. പ്രസിഡന്റ് മഹേഷ് പിള്ള അധ്യക്ഷത വഹിച്ചു. സെക്രട്ടറി എലിസബത്ത് ആന്റണി സ്വാഗതം പറയുകയും ഏയ്ഞ്ചൽ ജ്യോതി നന്ദി പറയുകയും ചെയ്തു. കൂടാതെ ഐനന്റ് ഏർപ്പെടുത്തിട്ടുള്ള നേഴ്സ് എക്സലന്റ് അവാർഡുകളായ നേഴ്സ് ഓഫ് ദി ഇയർ അവാർഡ് ദീപ ഫ്രാൻസിസിനും നേഴ്സ് ലീഡർ ഓഫ് ദി ഇയർ അവാർഡ് ആനി എബ്രഹാമിനും നേഴ്സ് അഡ്വാൻസ് പ്രാക്ടീസ് പ്രൊവയ്ഡർ ഓഫ് ദി ഇയർ അവാർഡ് നീന മാത്യൂസിനും ലഭിക്കുകയുണ്ടായി. ഈ വർഷത്തെ ഐനന്റ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ലിലാമ്മ ചാക്കോക്ക് സമ്മാനിച്ചു.

ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് ആതിഥേയത്വം വഹിക്കുന്നതും നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് അമേരിക്കയുടെ 10-ാമത്തെ ദ്വിവാർഷിക സമ്മേളനം 2026, ഒക്ടോബർ 1 മുതൽ 3 വരെ ഫോർ പോയിന്റ്സ് ബൈ ഷെറാട്ടൺ, ഡിഎഫ്ഡബ്ല്യു എയർപോർട്ട് നോർത്ത്, കോപ്പേൽ ടെക്സസിൽ വെച്ചു നടത്തുന്നു.

നഴ്സിംഗിന്റെ ശക്തി: മികവ്, പ്രതിരോധശേഷി, നവീകരണം എന്നിവയിലൂടെ ഭാവിയെ നയിക്കുക എന്നത് ഒരു പ്രമേയമായി സമ്മേളനത്തിൽ അവതരിപ്പിക്കും. കൂടാതെ ഇന്ററാക്ടീവ് വർക്ക്ഷോപ്പുകളും നൈപുണ്യ വികസന സെഷനുകളും ക്രമീകരിച്ചുണ്ട്. ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ മെയ് 31 നു മുൻപ് ഏർളി ബേർഡ് രജിസ്ട്രേഷൻ ചെയ്യാവുന്നതാണെന്നും അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

**World Day For Cultural Diversity For Dialogue And Development** - May 21

List of important days in May 2026 International: World Day for Cultural Diversity for Dialogue and Development was observed on May 21. UNESCO has adopted this day since 2001. In 2002, the United National General Assembly(UNGA) declared May 21 as World Day for Cultural Diversity for Dialogue and Development. This day is observed to raise awareness about Cultural Diversity.

## മാർത്തോമ്മാ സഭാ സെക്രട്ടറി സ്ഥാനത്തേക്ക് റവ. ഡാനിയേൽ വർഗീസ് മത്സരിക്കുന്നു




**- പി.പി ചെറിയാൻ**

ന്യൂയോർക്ക്/പുന്നാട്: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ 2026–2029 കാലയളവിലേക്കുള്ള സഭാ സെക്രട്ടറി സ്ഥാനത്തേക്ക് റവ. ഡാനിയേൽ വർഗീസ് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചു.

നോർത്ത് അമേരിക്കാ കാനഡ ഭദ്രാസനത്തിൽ നിന്നുള്ള സഭാ പ്രതിനിധി മണ്ഡലംഗങ്ങളുടെ വോട്ട് വിജയ പരാജയങ്ങൾ നിർണയിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കും.

പുന്നാട് സെഹിയോൻ മാർത്തോമ്മാ ചർച്ചിലെ വികാരിയായി സേവനമനുഷ്ഠിക്കുന്നു.

വൈദിക ശുശ്രൂഷയിൽ 33 വർഷത്തെ ദീർഘമായ പ്രവൃത്തിപരിചയം അദ്ദേഹത്തിനുണ്ട്. ഇതിനോടകം ഇരുപതിലധികം ഇടവകകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വേൾഡ് വിഷൻ പ്രോജക്ട് അഡ്മിനിസ്ട്രേറ്റർ, കൊട്ടാരക്കര ജൂബിലി മന്ദിരം സൂപ്രണ്ട്, തിരുവനന്തപുരം കൊല്ലം ഭദ്രാസന സെക്രട്ടറി തുടങ്ങിയ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ സഭാ കൗൺസിൽ, സെമിനാരി ഗവേണിംഗ് ബോർഡ് എന്നിവയിലും അംഗമായിരുന്നു.

വിനയത്തോടും ഉത്തരവാദിത്തത്തോടും വിശ്വസ്തതയോടും കൂടി സഭയെ സേവിക്കാൻ താൻ പ്രതിജ്ഞാബദ്ധനാണെന്ന് റവ.ഡാനിയേൽ വർഗീസ് അറിയിച്ചു. 2030ൽ വിരമിക്കാനിരിക്കുന്ന അദ്ദേഹത്തിന്, സഭയുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനുള്ള അവസാന അവസരം കൂടിയാണിതെന്ന് പോസ്റ്ററിൽ വ്യക്തമാക്കുന്നു.

പ്രാർത്ഥനാപൂർവ്വമായ പിന്തുണയും വോട്ടും അഭ്യർത്ഥിച്ചുകൊണ്ട് അടൂർ ഭദ്രാസനത്തിലെ കൊറ്റമ്പള്ളി ബെഥേൽ ഇടവകാംഗമായ അദ്ദേഹം സഭാ മണ്ഡലം അംഗങ്ങളോട് സഹകരണം തേടി.

## ഹിന്ദു ക്ഷേത്രങ്ങൾക്ക് സംരക്ഷണം: അമേരിക്കയിൽ പുതിയ ബിൽ അവതരിപ്പിച്ചു

**- പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡിസി: അമേരിക്കയിൽ ഹിന്ദു ക്ഷേത്രങ്ങൾക്കും മറ്റ് ആരാധനാലയങ്ങൾക്കും നേരെയുള്ള അതിക്രമങ്ങളും തടസ്സങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ, വിശ്വാസികൾക്ക് സംരക്ഷണം ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പുതിയ ബിൽ കോൺഗ്രസിൽ അവതരിപ്പിച്ചു. 'സേഫ്ഗാർഡിംഗ് ആക്സസ് ടു കോൺഗ്രിഗേഷൻസ് ആൻഡ് റിലീജിയസ് എസ്റ്റാബ്ലിഷ്മെന്റ്സ് ഫ്രം ഡിസ്റപ്ഷൻ' എന്നാണ് ഈ ബില്ലിന്റെ പേര്.

ഡെമോക്രാറ്റിക് കോൺഗ്രസുകാരൻ ടോം സുവോസിയും റിപ്പബ്ലിക്കൻ കോൺഗ്രസുകാരൻ മാക്സ് മില്ലറും ചേർന്നാണ് ഈ ഉഭയകക്ഷി ബിൽ അവതരിപ്പിച്ചത്

ആരാധനാലയങ്ങളുടെ 100 അടി ചുറ്റളവിൽ ആളുകളെ ഭീഷണിപ്പെടുത്തുന്നതോ, തടസ്സപ്പെടുത്തുന്നതോ, ഉപദ്രവിക്കുന്നതോ ആയ പ്രവർത്തനങ്ങൾ ഫെഡറൽ കുറ്റകൃത്യമായി കണക്കാക്കും.

നിയമം ലംഘിക്കുന്നവർക്ക് ആദ്യഘട്ടത്തിൽ പിഴയോ അല്ലെങ്കിൽ ഒരു വർഷം വരെ തടവോ ലഭിക്കാം. കുറ്റം ആവർത്തിക്കുകയാണെങ്കിൽ മൂന്ന് വർഷം വരെ തടവ് ലഭിക്കും.

ആക്രമണത്തിന് ഇരയായവർക്ക് സിവിൽ കേസുകൾ ഫയൽ ചെയ്യാനും നഷ്ടപരിഹാരം തേടാനും ബിൽ അധികാരം നൽകുന്നു. അമേരിക്കയിലുടനീളം ഹിന്ദു ക്ഷേത്രങ്ങൾ (മന്ദിരങ്ങൾ) ലക്ഷ്യമിട്ടുള്ള ആക്രമണങ്ങളിലും അശുദ്ധി വരുത്തുന്ന നടപടികളിലും ആശങ്കാജനകമായ വർധനയുണ്ടായതായി ഹിന്ദു അമേരിക്കൻ ഫൗണ്ടേഷൻ ചൂണ്ടിക്കാട്ടി.

ഭയം കൂടാതെ ആരാധന നടത്താനുള്ള ഓരോ പൗരന്റെയും അവകാശം സംരക്ഷിക്കപ്പെടണമെന്ന് ബിൽ അവതരിപ്പിച്ച പ്രതിനിധികൾ വ്യക്തമാക്കി. മുസ്ലീം, ജൂത സംഘടനകൾ ഉൾപ്പെടെയുള്ള വിവിധ മതവിഭാഗങ്ങളും ഈ നിയമനിർമ്മാണത്തിന് പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

**Anti-Terrorism Day** - May 21

List of important days in May 2026 in India: Anti-Terrorism Day is celebrated every year on May 21. This day is to commemorate the death anniversary of former Prime Minister Rajiv Gandhi. Anti-Terrorism Day is observed annually to spread awareness about the Peace and the violence caused by terrorists.

## വാഷിംഗ്ടണിൽ മെയ് ദിന പ്രതിഷേധം: ആയിരങ്ങൾ അണിനിരന്നു




**- പി പി ചെറിയാൻ**

വാഷിംഗ്ടൺ: തൊഴിലാളി അവകാശങ്ങൾക്കും കുടിയേറ്റ വിരുദ്ധ നടപടികൾ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടും വാഷിംഗ്ടൺ സ്റ്റേറ്റിൽ മെയ് ദിനത്തിൽ വൻ പ്രതിഷേധം. ട്രംപ് ഭരണകൂടത്തിന്റെ കുടിയേറ്റ വേട്ട അവസാനിപ്പിക്കുക, ഐ.സി.ഇ ഏജൻസിയെ നിർത്തലാക്കുക തുടങ്ങിയ മുദ്രാവാക്യങ്ങളുമായി ആയിരക്കണക്കിന് ആളുകൾ തെരുവിലിറങ്ങി.

സീറ്റിൽ, ടാക്കോമ, യാക്കിമ തുടങ്ങി വിവിധ നഗരങ്ങളിൽ റാലികളും പണിമുടക്കും നടന്നു. ജീവിതച്ചെലവ് വർധിക്കുന്ന സാഹചര്യത്തിൽ ശമ്പള വർധനവും മെച്ചപ്പെട്ട ജോലി സാഹചര്യങ്ങളും പ്രതിഷേധക്കാർ ആവശ്യപ്പെട്ടു.

ടാക്കോമയിലെ കുടിയേറ്റ തടങ്കൽ കേന്ദ്രം പൂട്ടുക, ഈ വർഷം സീറ്റിലിൽ നടക്കുന്ന ലോകകപ്പ് മത്സരങ്ങളിൽ നിന്ന് ഐ.സി.ഇ ഏജന്റുകളെ ഒഴിവാക്കുക എന്നിവയായിരുന്നു പ്രധാന ആവശ്യങ്ങൾ.

ആമസോൺ പോലുള്ള വൻകിട കമ്പനികൾ കുടിയേറ്റ തൊഴിലാളികളെ ചൂഷണം ചെയ്യുന്നു വെന്നും ഐ.സി.ഇക്ക് സാങ്കേതിക സഹായം നൽകുന്നുവെന്നും പ്രതിഷേധക്കാർ ആരോപിച്ചു.

## ഡാളസ് സെന്റ് പോൾസ് മാർത്തോമാ ഇടവക സൺഡേ സ്കൂൾ സ്റ്റുഡൻസ് അമ്മമാർക്ക് ആദരവ്




**- എബി മക്കപ്പുഴ**

ഡാളസ്: മദേഴ്സ് ഡേ ആഘോഷങ്ങളുടെ ഭാഗമായി ഡാളസിലെ സെന്റ് പോൾസ് മാർത്തോമാ ഇടവക സൺഡേ സ്കൂൾ അമ്മമാരെ ആദരിച്ചു.

മെയ് 5 ഞായറാഴ്ച വിശുദ്ധ കുർബാന ശുശ്രൂഷക്ക് ശേഷം ഒരുക്കിയ വേദിയിലായിരുന്നു ആഘോഷം നടന്നത്. വളരെ ലളിതമായി നടത്തിയ ആഘോഷ പരിപാടിക്ക് നേതൃത്വം നൽകിയത് സൺഡേ സ്കൂൾ സൂപ്രണ്ടന്റ് ലീ മാത്യു ആയിരുന്നു.

സൺഡേ സ്കൂൾ സ്റ്റുഡൻസ് അമ്മമാർക്ക് റോസാ പുഷ്പങ്ങളും സമ്മാനങ്ങളൂം നൽകി ആദരിച്ചു.

## മീനു ബത്രയെ മോചിപ്പിക്കാൻ അമേരിക്കൻ കോടതി ഉത്തരവിട്ടു



ടെക്സസ്: മുപ്പത് വർഷത്തിലേറെയായി അമേരിക്കയിൽ താമസിക്കുന്ന ഇന്ത്യൻ വംശജയായ കോടതി വിവർത്തക മീനു ബത്രയെ ഫെഡറൽ കസ്റ്റഡിയിൽ നിന്ന് മോചിപ്പിച്ചു. മീനുവിനെ തടങ്കലിൽ വെച്ച നടപടിയിൽ ഭരണഘടനാപരമായ ചട്ടങ്ങൾ ലംഘിക്കപ്പെട്ടുവെന്ന് കണ്ടെത്തിയതിനെത്തുടർന്നാണ് ടെക്സസിലെ ഫെഡറൽ കോടതിയുടെ ഉത്തരവ്.

കഴിഞ്ഞ മാർച്ച് 17ന് ഹാർലിംഗനിലെ വിമാനത്താവളത്തിൽ വെച്ചാണ് ഇമിഗ്രേഷൻ ഉദ്യോഗസ്ഥർ മീനുവിനെ അറസ്റ്റ് ചെയ്തത്. പഞ്ചാബി, ഹിന്ദി, ഉറുദു ഭാഷകളിൽ പ്രാവീണ്യമുള്ള ടെക്സസിലെ ഏക ലൈസൻസുള്ള വിവർത്തകയാണ് ഇവർ.

കൃത്യമായ നോട്ടീസോ നിയമപരമായ നടപടിക്രമങ്ങളോ പാലിക്കാതെയാണ് മീനുവിനെ രണ്ടു മാസത്തോളം തടവിൽ വെച്ചതെന്ന് കോടതി കണ്ടെത്തി. ഇവരുടെ അവകാശങ്ങൾ ലംഘിക്കപ്പെട്ടുവെന്ന് ചൂണ്ടിക്കാട്ടി ഏപ്രിൽ 30ന് ഇവരെ ഉടൻ മോചിപ്പിക്കാൻ ജഡ്ജി ഉത്തരവിടുകയായിരുന്നു.

അമേരിക്കൻ സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്ന തന്റെ മകൻ വഴി ഗ്രീൻ കാർഡിനായി മീനു ഉടൻ അപേക്ഷിക്കും. ഇവരെ നാടുകടത്താനുള്ള നീക്കങ്ങളെ നിയമപരമായി നേരിടുമെന്ന് അഭിഭാഷകൻ ദീപക് അലുവാലിയ വ്യക്തമാക്കി.

നാല് മക്കളുടെ അമ്മയായ മീനുവിനെ ഇനിയൊരിക്കൽ കൂടി കസ്റ്റഡിയിലെടുക്കണമെങ്കിൽ നിയമപരമായ നോട്ടീസ് നൽകണമെന്നും അഭിഭാഷകന്റെ സാന്നിധ്യത്തിൽ ഇന്റർവ്യൂ നടത്തണമെന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

## ഡാളസ് മോർണിംഗ് ന്യൂസ് തങ്ങളുടെ വാർഷിക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

**– പി പി ചെറിയാൻ**



ഡാളസ്: ഡാളസ് മോർണിംഗ് ന്യൂസ് തങ്ങളുടെ വാർഷിക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച മാധ്യമപ്രവർത്തനം നടത്തിയ 15 പേരെയാണ് ചടങ്ങിൽ ആദരിച്ചത്.

ബ്രേക്കിംഗ് ന്യൂസ്, കമ്മ്യൂണിറ്റി വർക്ക്, ഇൻ വെസ്റ്റിഗേറ്റീവ് റിപ്പോർട്ടിംഗ് തുടങ്ങി വിവിധ വിഭാഗങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച റിപ്പോർട്ടർമാർ, എഡിറ്റർമാർ, വിഷ്വൽ ജേണലിസ്റ്റുകൾ എന്നിവരെയാണ് തിരഞ്ഞെടുത്തത്.

പബ്ലിഷറും സി.ഇ.ഒയുമായ ഗ്രാന്റ് മോയിസ്, എക്സിക്യൂട്ടീവ് എഡിറ്റർ കോളിൻ മക്കെയ്ൻ നെൽസൺ എന്നിവർ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

സത്യസന്ധതയും സർഗ്ഗാത്മകതയും നിലനിർത്തിക്കൊണ്ട് സമൂഹത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്ന മാധ്യമപ്രവർത്തനത്തെ ആഘോഷിക്കുക എന്നതാണ് ഈ ചടങ്ങിന്റെ ലക്ഷ്യമെന്ന് കോളിൻ മക്കെയ്ൻ നെൽസൺ പറഞ്ഞു.

ക്രിസ്റ്റഫർ വിൻ 'റോബർട്ട് ഡബ്ല്യു. ഡെഷർഡ് അവാർഡ് ഫോർ സിവിക് ജേണലിസം' കരസ്ഥമാക്കി.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ മാധ്യമപ്രവർത്തകർ അടങ്ങുന്ന പാനലാണ് വിജയികളെ തിരഞ്ഞെടുത്തത്.

**International Day For Biological Diversity** - May 22

List of important days in May 2026 International with themes: International Day for Biological Diversity is celebrated every year on May 22. The Theme of International Day for Biological Diversity 2026 will be updated later. This day is observed to raise awareness about Biological Diversity. The United Nations has proclaimed this day as International Day for Biological Diversity.

**Commonwealth Day** - May 24

List of important days in May 2026 in India with themes: Commonwealth Day is celebrated every year on May 24. This day is observed as a holiday in parts of the Commonwealth of Nations. This day is celebrated to commemorate the Birth Anniversary of Queen Victoria. The theme of Commonwealth Day 2026 will be updated later.

## ഫിലാഡൽഫിയ സഭയുടെ പുതിയ ആരാധനാലയ സമർപ്പണ ശുശ്രൂഷ നടന്നു

**– സാം മാത്യു, ഡാളസ്**

ഡാളസ്: ഡാളസ് മെട്രോപ്ലക്സിൽ ദൈവകൃപയുടെയും വിശ്വസ്തതയുടെയും മൂന്ന് പതിറ്റാണ്ടുകൾ പിന്നിടുന്ന ഫിലാഡൽഫിയ സഭ റോളറ്റിൽ പുതിയതായി വാങ്ങിയ ആരാധനാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ നടന്നു. ഏപ്രിൽ 25 ശനിയാഴ്ച സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ പി.സി. ജേക്കബ് സമർപ്പണ പ്രാർത്ഥനയും, ഉദ്ഘാടനവും നിർവ്വഹിച്ചു. ദൈവമഹത്വത്തിനായി പ്രാർത്ഥനാപൂർവ്വം സമർപ്പിച്ച പ്രസ്തുത ആലയം, ദൈവമഹത്വത്തിന്റെ വാസസ്ഥലം ആയിരിക്കുമ്പോൾ തന്നെ വിശ്വാസ സമൂഹത്തിന്റെ ഐക്യതയുടേയും, ഒപ്പം ദൈവീക വിടുതലുകളുടേയും, അത്ഭുതങ്ങളുടേയും, ഉണർവ്വിന്റെയും സമന്വയ കേന്ദ്രമായിരിക്കും എന്ന് തന്റെ സമർപ്പണ ശുശ്രൂഷാ സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. ഗാർലൻഡ് നഗരത്തിൽ ഏതാനും കുടുംബങ്ങളുമായി 1996ൽ സ്ഥാപിതമായ ഫിലഡൽഫിയ സഭ മുപ്പത് വർഷത്തെ യാത്രയ്ക്കിടയിൽ വലിയ വളർച്ചയാണ് കൈവരിച്ചത്.

നാളിതുവരെ ദൈവത്തിന്റെ അചഞ്ചലമായ വിശ്വസ്തതയും, കരുതലും അനുഭവിക്കാൻ കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. സഭയുടെ മുൻ ശുശ്രൂഷകൻമാരായിരുന്ന പാസ്റ്റർമാരായ സാമുവൽ ഐസക്, ജോസഫ് ഡാനിയേൽ, തോമസ് ജോർജ്, ഷിബു സാമുവൽ എന്നിവർ സഭയുമായി ബന്ധപ്പെട്ട ഗതകാല സ്മരണകളും, ആശംസകളും ചടങ്ങിൽ പങ്കിട്ടു. ഡാളസ് മെട്രോപ്ലെക്സിലും, ഒക്കലഹോമയിൽ നിന്നുമുള്ള നിരവധി പാസ്റ്റർമാരും, വിശ്വാസികളും ആഘോഷത്തിൽ പങ്കുചേർന്നു. റോളറ്റ് സിറ്റി മേയർ ജെഫ് വിൻഗെറ്റും പ്രത്യേക ക്ഷണിതാവായി എത്തിയിരുന്നു. 30 വർഷം പിന്നിടുന്ന ദൈവസഭയ്ക്ക് ഇപ്പോൾ പാസ്റ്റർ പി. സി. ജേക്കബ് (ലീഡ് പാസ്റ്റർ), ബ്രദർ ജോർജ്ജ് ആര്യപള്ളിൽ (സെക്രട്ടറി), ബ്രദർ ഫെർഗുസൺ ജോൺ (ട്രഷറർ), ബ്രദർ ലിയോൺ തരകൻ (യൂത്ത് ഡയറക്ടർ), സിസ്റ്റർ ഷീബ തോമസ് (സിസ്റ്റേഴ്സ് കോർഡിനേറ്റർ) എന്നിവർ നേതൃത്വം നൽകുന്നു. ആരാധന, കൂട്ടായ്മ, സുവിശേഷവൽക്കരണം എന്നീ ദൗത്യങ്ങളിൽ സഭ തുടർന്നും പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുമെന്ന് നേതൃത്വം അറിയിച്ചു.

# ഫൊക്കാന ടീം എംപവർ പ്രചരണോദ്ഘാടനം ആവേശോജ്ജ്വലമായി



**– ജോർജ്ജ് ഓലിക്കൽ**

ന്യൂയോർക്ക്: ടീം എംപവർ ലീല മാരേട്ട് പാനലിന്റെ ഔദ്യോഗികമായ പ്രചാരണങ്ങളുടെ ആവേശോജ്ജ്വലമായ ഉദ്ഘാടനവും പത്രസമ്മേളനവും ന്യൂയോർക്കിലെ കേരളാ സെന്ററിൽ ഏപ്രിൽ 25ന് നടന്നു.

കേരളാ സെന്ററിന്റെ പ്രസ്സ് റൂമിൽ ചേർന്ന പത്രസമ്മേളനത്തിൽ ലീല മാരേട്ട് അദ്ധ്യക്ഷത വഹിച്ചു. അമേരിക്കയിലെ പ്രമുഖ പത്രപ്രവർത്തകരായ ജോർജ്ജ് ജോസഫ് (ഈ മലയാളി), ജോസ് കാടാപ്പുറം (കൈരളി), ടാജ് മാത്യു (ഐ.പി.സി.എൻ.എ) എന്നിവർ സന്നിഹിതരായിരുന്നു.

പത്രസമ്മേളനത്തിൽ ടീം എംപവറിന്റ പ്രകടനപത്രിക അവതരിപ്പിച്ചു. വ്യക്തമായ ദർശനവും ശക്തമായ ലക്ഷ്യബോധവും അതാണ് പ്രകടന പത്രികയുടെ ഉള്ളടക്കമെന്നും, കൺവൻഷനിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ രണ്ടു വർഷം നീളുന്ന കർമ്മ പരിപാടികൾ അംഗ സംഘടനകളുടെ സഹകരണത്തിലൂടെ നടപ്പിലാക്കുകയും യുവാക്കളെയും വനിതകളെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനുള്ള പ്രവർത്തനങ്ങളെ എകോപിപ്പിക്കുമെന്നും അതോടൊപ്പം ഫൊക്കാന തുടങ്ങി വിജയം വരിച്ച മെഡിക്കൽ പ്രിവിലേജ് കാർഡും, നിർദ്ധരരായിട്ടുള്ളവർക്കുള്ള ഭവന നിർമ്മാണ പദ്ധതികളും തുടരുമെന്നും ലീല മാരേട്ട് വ്യക്തമാക്കി

യുവതലമുറയിൽ നിന്നും മുഖ്യധാര രാഷ്ട്രീയത്തിലേക്ക് കടന്നു വരുവാൻ താത്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ കാമ്പയിനുകളെ സഹായിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകുകയും അതോടൊപ്പം അമേരിക്കയിലെ കോർപ്പറേറ്റ് സ്ഥാപനങ്ങളുമായി ചേർന്ന് സെമിനാറുകളും ജോബ് ഫെയറുകളും സംഘടിപ്പിച്ച് തൊഴിൽ രംഗത്തെ പുതിയ സാദ്ധ്യതകൾ പരിചയപ്പെടുത്തുമെന്ന് ജനറൽ സെകട്ടറി സ്ഥാനാർത്ഥി ജോർജ്ജ് ഒലിക്കൽ പറഞ്ഞു.

ജീവിത സായാഹ്നത്തിൽ ഒറ്റപ്പെടൽ അനുഭവിക്കുന്നവർക്ക് കൈത്താങ്ങും അന്തിമഘട്ടങ്ങളിൽ കരുതലും കരുണാപൂർവ്വമായ പരിചരണവും സഹായങ്ങളും നൽകാനുള്ള പദ്ധതികൾ എകോപിപ്പിക്കാൻ മുൻകൈ എടുക്കുമെന്ന് ട്രഷറർ സ്ഥാനാർത്ഥി രേവതി പിള്ള ഉറപ്പുനൽകി.

യുവജനതയെ ഫൊക്കാനയിലേക്ക് ആകർഷിക്കുന്നതിനും നിലനിറുത്തുന്നതിനും നിലവിലുള്ള ഫോറങ്ങളെ ശക്തിപ്പെടുത്തി റീജീയനുകളിൽ കായികമേളകൾ സംഘടിപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമെന്ന് വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥി ലാജി തോമസ്, ലിൻസ് ജോസഫ്, മാത്യു ചെറിയാൻ, നിജോ പുത്തൻപുരക്കൽ എന്നിവർ വ്യക്തമാക്കി.

അമേരിക്കയിലെ കലാസാംസ്ക്കാരിക സാഹിത്യ രംഗത്ത് പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ കലാസന്ധ്യകളും, സാഹിത്യ സമ്മേളനങ്ങളും, നാടകോത്സവങ്ങളും സംഘടിപ്പിക്കുകയും, സ്ത്രീ ശാക്തീകരണത്തിന് മുൻതൂക്കം കൊടുക്കുമെന്നും സ്ഥാനാർത്ഥികളായ ബ്രിജിറ്റ് ജോർജ്ജ്, ഫാൻസിമോൾ, ദേവസ്സി പാലാട്ടി എന്നിവർ പറഞ്ഞു.

അമേരിക്കയിലെ ഇന്ത്യൻ കോൺസിലേറ്റുമായി ബന്ധപ്പെട്ട് മലയാളികളുടെ കോൺസിലേറ്റ് സംബന്ധമായ പ്രശ്നങ്ങൾക്ക് വേഗത്തിൽ പരിഹാരം കാണുവാൻ ശ്രമിക്കുമെന്ന് ഷാജി സാമുവൽ, റോണി വറുഗീസ്, ഉഷ ജോർജ്ജ്, ശോശാമ്മ ആൻഡ്രൂസ് എന്നിവർ ഉറപ്പുനൽകി.

പത്രസമ്മേളനത്തിനു ശേഷം ചേർന്ന പൊതുയോഗത്തിൽ, വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിയും കിക്കോഫ് കോർഡിനേറ്ററുമായ ലാജി തോമസ് ഏവരെയും സ്വാഗതം ചെയ്തു. ടീം എംപവർ ലീഡറും പ്രസിഡന്റു സ്ഥാനാർത്ഥിയുമായ ലീല മാരേട്ട് ടീം അംഗങ്ങളെ പരിചയപ്പെടുത്തി.

ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൽവേനിയ, വാഷിംങ്ടൺ റീജിയണുകളിലെ അംഗ സംഘടന പ്രതിനിധികളുടെയും, ഡെലിഗേറ്റ്സിന്റെയും സജീവ സാന്നിദ്ധ്യമുണ്ടായിരുന്ന സമ്മേളനത്തിൽ അലക്സ് എസ്തപ്പാൻ (പ്രസിഡന്റ് കേരളാസെൻററ്), ഹേമചന്ദ്ര പണിക്കർ (പ്രസിഡന്റ്, കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്ക്), രാജേഷ് പുഷ്പരാജൻ (പ്രസിഡന്റ്, ന്യൂയോർക്ക്, മലയാളി അസോസിയേഷൻ), ബിജു ചാക്കോ (പ്രസിഡന്റ്, ഐ.എം.എ.എൽ. ഐ), മാത്യൂ ചെറിയാൻ (പ്രസിഡന്റ്, പി.എം.എ), റെജി കുര്യൻ (പ്രസിഡന്റ്, കെ.സി.എ.എൻ.എ), സുധ കർത്ത (പമ്പ), ജിബി മാത്യു (ലിംക), ലൈസി അലക്സ് (സെക്രട്ടറി, സ്റ്റാറ്റൻ ഐലന്റ് മലയാളി അസോസിയേഷൻ), ലോറൻസ് തോമസ് (ഫിൽമ) എന്നിവർ ടീം എംപവറിന് ആശംസകൾ നേർന്നും പിന്തുണ വാഗ്ദാനം ചെയ്തും സംസാരിച്ചു.

തുടർന്നു നടന്ന കലാസന്ധ്യയിൽ ചന്ദ്രിക കുറുപ്പും ലക്ഷ്മി കുറുപ്പും ചിട്ടപ്പെടുത്തിയ നൃത്തങ്ങൾ നേഹ നായരും ഗൗരി നായരും ചേർന്നവതരിപ്പിച്ചു. ശ്രുതിമധുരമായ ഗാനങ്ങളുമായി തോമസ് സക്കറിയ (സുജിത്ത് മൂലയിൽ), അജ്ഞന മൂലയിൽ, ഉജ്വാല മോസസ്സ്, പ്രേം കൃഷ്ണ എന്നിവർ കലാസന്ധ്യയെ മികവുറ്റതാക്കി. താരാ ഷാജി എം.സിയായിരുന്നു. ജനറൽ സെക്രട്ടറി സ്ഥാനാർത്ഥി ജോർജ്ജ് ഓലിക്കൽ നന്ദി പറഞ്ഞു. വിഭവസമൃദ്ധമായ അത്താഴ വിരുന്നോടെ പരിപാടികൾ സമാപിച്ചു.




*ഫിലാഡൽഫിയ സഭ റോളറ്റിൽ പുതിയതായി വാങ്ങിയ ആരാധനാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷയിൽ നിന്നും*

# അമേരിക്കൻ മണ്ണിലെ മലയാളി സന്യാസിനി ആത്മീയ സംഗമം: ചരിത്രമുഹൂർത്തം സമ്മാനിച്ച് ചിക്കാഗോ സീറോ മലബാർ രൂപത



**– മാർട്ടിൻ വിലങ്ങോലിൽ**

ചിക്കാഗോ: ചിക്കാഗോയിലെ ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ പള്ളി അങ്കണത്തിൽ കഴിഞ്ഞ ഏപ്രിൽ 17, 18 തീയതികളിൽ നടന്നത് കേവലം ഒരു ഒത്തുചേരലായിരുന്നില്ല; മറിച്ച് അമേരിക്കയിലെ സഭാചരിത്രത്തിൽ സ്വർണ്ണലിപികളാൽ എഴുതപ്പെടേണ്ട ഒരു മഹാസംഭവമായിരുന്നു.

അമേരിക്കയിലും കാനഡയിലുടനീളം ശുശ്രൂഷ ചെയ്യുന്ന മലയാളി സന്യാസിനികളുടെ ചരിത്രപ്രധാനമായ ഈ അനുഗ്രഹീത സംഗമത്തിന് ബെൻസൻവില്ലിലെ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോന ഇടവക ആതിഥേയത്വം വഹിച്ചു. ചിക്കാഗോ സീറോമലബാർ രൂപതയുടെ സ്ഥാപനത്തിന്റെയും മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേകത്തിന്റെയും രജത ജൂബിലി ആഘോഷങ്ങൾക്ക് ലഭിക്കാവുന്നതിൽ വെച്ച് ഏറ്റവും ഹൃദ്യമായ ഒരു അനുഭവമായി ഈ സംഗമം മാറി.

പരിപാടികളുടെ ഉദ്ഘാടനം ചിക്കാഗോ സീറോ മലബാർ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട് പിതാവും, എമിരറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത് പിതാവും, അമേരിക്കയിലെ ബൈബസന്റെൻ കത്തോലിക്കാ രൂപതയിലെ മാർ റോബർട്ട് പി. പിപ്റ്റ പിതാവും ചേർന്ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. നിരവധി വൈദികരും 28ലധികം സഭകളെ പ്രതിനിധീകരിക്കുന്ന കേരളത്തിൽനിന്നുള്ള 225 സന്യാസിനികളും ഈ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഉച്ചകഴിഞ്ഞു നടന്ന സെമിനാറിന് ഇല്ലിനോയിയിലെ സ്പ്രിംഗ്ഫീൽഡ് രൂപതയിലെ മാർ തോമസ് പാപ്പറോക്കി പിതാവ് നേതൃത്വം നൽകി. വൈകുന്നേരം നടന്ന ആഘോഷമായ വിശുദ്ധ കുർബാനയ്ക്ക് മാർ ജോയ് ആലപ്പാട്ട് മുഖ്യ കാർമ്മികത്വം വഹിച്ചു. മാർ റോബർട്ട് പിപ്റ്റ ശിഷ്യത്വത്തെക്കുറിച്ച് ആത്മീയമായ സന്ദേശം നൽകി. മാർ ജേക്കബ് അങ്ങാടിയത്തും മറ്റ് വൈദികരും സഹകാർമ്മികരായിരുന്നു.

വിശുദ്ധ കുർബാനയ്ക്ക് ശേഷം സന്യാസിനികളെ ആദരിക്കുന്ന വർണ്ണാഭമായ സാംസ്കാരിക ഘോഷയാത്ര നടന്നു. മുത്തുക്കുടകളുടെയും ചെണ്ടമേളത്തിന്റെയും അകമ്പടിയോടെ നീങ്ങിയ ഈ ഘോഷയാത്ര, അവർക്ക് വേദിയിലേക്ക് സ്നേഹാദരവുകളോടെയുള്ള ഊഷ്മളമായ സ്വീകരണമാണ് നൽകിയത്.

തുടർന്ന് സൗഹൃദ വിരുന്നും പൊതുസമ്മേളനവും സംഘടിപ്പിച്ചു. പരമ്പരാഗത നിലവിളക്ക് കൊളുത്തി മാർ റോബർട്ട് പിപ്റ്റി പിതാവ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. മാർ ജോയ് ആലപ്പാട്ട് പിതാവ് അധ്യക്ഷത വഹിച്ചു. മാർ ജേക്കബ് അങ്ങാടിയത്ത്, റവ. ഫാ. അലക്സാണ്ടർ കുര്യൻ, ഡൊമിനിക്കൻ സിസ്റ്റർ അമെലിയ ഹോലർ, സിസ്റ്റർ ആനി സെറീൻ സി.എം.സി എന്നിവർ ആശംസകൾ അർപ്പിച്ചു.

ചിക്കാഗോ സീറോമലബാർ രൂപതയുടെ വികാരി ജനറൽമാരായ റവ.ഫാ. തോമസ് മുളവനാൽ, റവ. ഫാ.ജോൺ മേലേപ്പുറം, റവ.ഫാ.തോമസ് കടുകപ്പിള്ളിൽ, ചാൻസലർ റവ.ഫാ.ജോൺസൺ കോവൂർ പുത്തൻപുരയിൽ, ബെൻസൻവിൽ വികാരി റവ. ഫാ. ഏബ്രഹാം കളരിക്കൽ, മോർട്ടൺ ഗ്രോവ് സെന്റ് മേരീസ് പള്ളിയുടെ അസിസ്റ്റന്റ് വികാരി റവ.ഫാ.അനീഷ് മാവേലി പുത്തൻപുരയിൽ, സിസ്റ്റർ ലിസ ഏഞ്ചലിക്കൽ എന്നിവരും സന്നിഹിതരായിരുന്നു.

സംഗമത്തിന്റെ ചെയർമാൻ റവ. ഫാ. തോമസ് മുളവനാൽ സ്വാഗതം പറഞ്ഞു. ജനറൽ കോർഡിനേറ്റർ ടോണി പുള്ളപ്പള്ളിൽ നന്ദി പ്രസംഗം നടത്തി. എലൻ ഒറ്റത്തെക്കൽ ചടങ്ങുകളുടെ അവതാരകയായി സേവനമനുഷ്ഠിച്ചു.

തുടർന്ന് നടന്ന സാംസ്കാരിക പരിപാടികൾ ചിക്കാഗോ കത്തീഡ്രൽ, സെന്റ് മേരീസ്, സേക്രഡ് ഹാർട്ട് പള്ളികളിലെ കലാകാരന്മാർ അവതരിപ്പിച്ചു. പരിപാടികൾക്ക് നിയാ ചെല്ലക്കണ്ടത്തിൽ, ഡെന്നി പുല്ലാപ്പള്ളിൽ എന്നിവർ നേതൃത്വം നൽകി.

ശനിയാഴ്ച രാവിലെ നടന്ന നന്ദിഅർപ്പണ വിശുദ്ധ കുർബാനയ്ക്ക് മാർ ജേക്കബ് അങ്ങാടിയത്ത് മുഖ്യ കാർമ്മികത്വം വഹിക്കുകയും മാർ ജോയ് ആലപ്പാട്ട് സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് റവ. ഫാ. അലക്സാണ്ടർ കുര്യൻ, സിസ്റ്റർ അമേലിയ ഹോലർ എന്നിവർ നയിച്ച സെമിനാറുകൾ നടന്നു.

സമാപന സമ്മേളനത്തിൽ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന് രജത ജൂബിലി ആശംസകൾ അർപ്പിച്ചു. മാർ ജോയ് ആലപ്പാട്ട് പിതാവ്, റവ. ഫാ. അലക്സാണ്ടർ കുര്യൻ, സിസ്റ്റർ അമേലിയ ഹോലർ, റവ.ഫാ.ജോൺ മേലേപ്പുറം, റവ.ഫാ.തോമസ് മുളവനാൽ, റവ.ഫാ.ഏബ്രഹാം കളരിക്കൽ, സിസ്റ്റർ ലിസ ഏഞ്ചലിക്കൽ എന്നിവർ ചടങ്ങിൽ ആശംസകൾ നേർന്നു.

അമേരിക്കയിലെയും കാനഡയിലെയും 28 സന്യാസ സമൂഹങ്ങളെ പ്രതിനിധീകരിച്ച് എത്തിയ സിസ്റ്റർമാർ, ഈ ചരിത്ര മുഹൂർത്തം യാഥാർത്ഥ്യമാക്കിയ ആത്മീയ നേതൃത്വത്തിന് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തി. രൂപതാ അധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട്, എമിരറ്റസ് മാർ ജേക്കബ് അങ്ങടിയത്ത് പിതാവ്, വികാരി ജനറൽമാർ, ചാൻസലർ റവ.ഫാ.ജോൺസൺ സേവ്യർ, റവ.ഫാ.ഏബ്രഹാം കളരിക്കൽ എന്നിവരോടും രൂപതാ കുരിയയിലെ എല്ലാ വൈദികരോടുമുള്ള നന്ദി അറിയിച്ചു.

മാർ ജോയ് ആലപ്പാട്ട് പിതാവിനോടും, റവ.ഫാ.തോമസ് മുളവനാൽ, റവ.ഫാ.ജോൺ മേലേപ്പുറം, റവ.ഫാ.ഏബ്രഹാം കളരിക്കൽ എന്നിവരും നൽകിയ നിരന്തരമായ മാർഗ്ഗനിർദ്ദേശങ്ങളെ അവർ നന്ദിയോടെ സ്മരിച്ചു.

ഇടവകാംഗങ്ങളുടെയും വോളന്റിയർമാരുടെയും നിസ്തുല സേവനവും ആതിഥേയത്വം വഹിച്ച ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോന പള്ളി, മോർട്ടൺ ഗ്രോവ് സെന്റ് മേരീസ് പള്ളി, ബെൽവുഡ് മാർ തോമാ ശ്ലീഹാ കത്തീഡ്രൽ എന്നിവിടങ്ങളിലെ വിശ്വാസികൾ നൽകിയ ഊഷ്മളമായ സ്വീകരണവും അശ്രാന്ത പരിശ്രമവും സന്യാസിനികളുടെ ഹൃദയം കവർന്നു.

ജനറൽ കോർഡിനേറ്റർ ടോണി പുല്ലാപ്പള്ളിലിന്റെ നേതൃത്വത്തിൽ രജിസ്ട്രേഷൻ, ലിറ്റർജി, ഗായകസംഘം, ഭക്ഷണം, താമസം തുടങ്ങി വിവിധ കമ്മിറ്റികളിലായി സേവനമനുഷ്ഠിച്ച വോളന്റിയർമാരുടെ സമർപ്പണത്തെ അവർ പ്രത്യേകം അഭിനന്ദിച്ചു.

മറക്കാനാവാത്ത ചിക്കാഗോ കാഴ്ചകൾ സംഗമത്തിന്റെ സവിശേഷമായ ആകർഷണമായി. സിസ്റ്റർമാർക്കായി ഒരുക്കിയ ചിക്കാഗോ ഡൗൺടൗൺ ബസ് ടൂർ ആയിരുന്നു ഇതിലെ സവിശേഷത. നഗരത്തിന്റെ ചടുലതയും സൗന്ദര്യവും അനുഭവിച്ചറിഞ്ഞ ആ യാത്ര അവർക്ക് പരസ്പരം സ്നേഹം പങ്കുവെക്കാനും ബന്ധങ്ങൾ പുതുക്കാനുമുള്ള മികച്ച അവസരമായി.

പുതിയൊരു ചരിത്ര അധ്യായം കുറിച്ചു ശനിയാഴ്ച വൈകുന്നേരത്തോടെ സമാപിച്ച ഈ രണ്ടു ദിവസത്തെ ഒത്തുചേരൽ കേവലം ഒരു ചടങ്ങായിരുന്നില്ല; മറിച്ച് തങ്ങളുടെ ദൈവവിളി ഒരു കുടുംബമായി ആഘോഷിച്ച അവിസ്മരണീയ നിമിഷങ്ങളായിരുന്നു. കൃത്യമായ ആസൂത്രണവും വിശ്വാസികളുടെ സഹകരണവും ഒത്തുചേർന്നപ്പോൾമലയാളി സിസ്റ്റേഴ്സ് കോയ്നോണിയ 2026, ചിക്കാഗോ സീറോ മലബാർ രൂപതയുടെ ചരിത്രത്തിൽ പ്രചോദനാത്മകമായ ഒരു പുതിയ അധ്യായത്തിന് തുടക്കമിട്ടിരിക്കുകയാണ്.

# കേസുകൾ ഒത്തുതീർപ്പാക്കുന്നതിനായി 80 കോടി ഡോളറിന്റെ ഒത്തുതീർപ്പ്; ന്യൂയോർക്ക് അതിരൂപത ആസ്ഥാനം വിറ്റു

ന്യൂയോർക്ക്: വൈദികരും ജീവനക്കാരും ഉൾപ്പെട്ട ലൈംഗിക അതിക്രമ കേസുകൾ ഒത്തുതീർപ്പാക്കുന്നതിനായി 80 കോടി ഡോളറിന്റെ (ഏകദേശം 75,92,84,00,000 രൂപ) ഒത്തുതീർപ്പ് വ്യവസ്ഥ മുന്നോട്ടു വെച്ച് ന്യൂയോർക്ക് അതിരൂപത. 1,300ഓളം കേസുകൾ പരിഹരിക്കാനാണ് ഈ നീക്കമെന്ന് നാഷനൽ കത്തോലിക് റിപ്പോർട്ടർറിപ്പോർട്ട് ചെയ്തു.

അതിരൂപതയും ഇരകളുടെ പ്രതിനിധികളും തമ്മിൽ മാസങ്ങളായി നടത്തിയ ചർച്ചകൾക്കൊടുവിലാണ് തീരുമാനത്തിലെത്തിയത്. ഒത്തുതീർപ്പ് വ്യവസ്ഥകൾ പ്രകാരം ഓരോ പരാതിക്കാരനും ഏകദേശം 2,50,000 ഡോളർ വീതം ലഭിക്കും. ഈ തുക രണ്ട് ഘട്ടങ്ങളിലായി വിതരണം ചെയ്യാനാണ് തീരുമാനം. ആദ്യ ഘട്ടത്തിൽ 61.5 കോടി ഡോളർ നൽകും. ബാക്കിയുള്ള 18.5 കോടി ഡോളർ 15 മാസത്തിനുള്ളിലും നൽകും.

ഒത്തുതീർപ്പ് കരാർ നടപ്പാകണമെങ്കിൽ പരാതി നൽകിയ എല്ലാവരും ഏകകണ്ഠമായി അംഗീകരിക്കണം. ഏതെങ്കിലും തരത്തിലുള്ള എതിർപ്പുകൾ ഉണ്ടായാൽ ഒത്തുതീർപ്പ് പരാജയപ്പെടാൻ സാധ്യതയുണ്ടെന്ന് അഭിഭാഷകർ പറഞ്ഞു. തുക സമാഹരിക്കുന്നതിനായി അതിരൂപതയുടെ ആസ്ഥാന മന്ദിരം ഉൾപ്പെടെയുള്ള ഭൂരിഭാഗം വസ്തുവകകളും വിറ്റഴിക്കുകയും ജീവനക്കാരുടെ എണ്ണത്തിൽ വലിയ വെട്ടിക്കുറയ്ക്കലുകൾ വരുത്തുകയും ചെയ്തിട്ടുണ്ട്. 10 കോടി ഡോളറിനാണ് അതിരൂപതയുടെ ആസ്ഥാനം വിറ്റത്.

സാമ്പത്തിക നഷ്ടപരിഹാരത്തിന് പുറമെ കൃത്യമായ സുതാര്യത ഉറപ്പാക്കാനുള്ള വ്യവസ്ഥകളും കരാറിലുണ്ട്. ലൈംഗിക അതിക്രമ പരാതികളിൽ കുറ്റാരോപിതരായ വൈദികരുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും അത് കൃത്യമായി പുതുക്കുകയും ചെയ്യണം. കൂടാതെ, ഇതുമായി ബന്ധപ്പെട്ട രേഖകൾ അയോണ യൂണിവേഴ്സിറ്റിക്ക് കൈമാറണമെന്നും വ്യവസ്ഥയുണ്ട്. ഇൻഷുറൻസ് കമ്പനികളിൽ നിന്ന് നഷ്ടപരിഹാരം തേടാനുള്ള അവസരവും പരാതിക്കാർക്ക് ലഭിക്കും.

മുൻപ് ലോസ് ആഞ്ചലസ് അതിരൂപതയുടെ 88 കോടി ഡോളറിന്റെ ഒത്തുതീർപ്പിന് മധ്യസ്ഥത വഹിച്ച ജഡ്ജി ഡാനിയൽ ജെ. ബക്ലിയാണ് ഈ ചർച്ചകൾക്കും നേതൃത്വം നൽകിയത്.